

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

വാർഡ് 1 നെല്ലിക്കാട്ടിരി

തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്ത്

തൃത്താല ബ്ലോക്ക്

പാലക്കാട് ജില്ല

സോഷ്യൽ ഓഡിറ്റ് കാലയളവ്: 01-10-2018 to 31-03-2019

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
രണ്ടാം നില, സി.എസ്.ഐ ബിൽഡിങ്സ്
എൽ.എം.എസ് കോമ്പൗണ്ട്
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം
പിൻ: 695033
ഫോൺ: 0471 2724696
ഇ.മെയിൽ: keralasocialaudit@gmail.com

തിരുമിറ്റക്കോട് പഞ്ചായത്ത്

പഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

ജില്ല : പാലക്കാട്
ബ്ലോക്ക് : തൃത്താല
താലൂക്ക് : പട്ടാമ്പി
പഞ്ചായത്തിൻറെ പേര് തിരുമിറ്റക്കോട്
വീസ്തീർണ്ണം : 26.20 ച.കി.മീ
നിയമസഭാമണ്ഡലം : തൃത്താല
പാർലമെൻറ് മണ്ഡലം : പൊന്നാനി
വാർഡുകളുടെ എണ്ണം : 18
ആകെ ജനസംഖ്യ :26643(2011ലെ സെൻസസ് പ്രകാരം)
സ്ത്രീകൾ : 13421
പരുഷൻമാര് : 13222
പട്ടികജാതി ജനസംഖ്യ : 5344
പട്ടിക ജാതി പുരുഷൻമാര് : 2643
പട്ടിക ജാതി സ്ത്രീകൾ :2701(വികസന രേഖപ്രകാരം)

വാർഡ് 1 നെല്ലിക്കട്ടിരി

ആമുഖം

രാജ്യത്തെ ഗ്രാമങ്ങളില് ജീവിക്കുന്ന സാധാരണക്കാരായ മനുഷ്യരുടെ സർവതോന്മുഖമായ പുരോഗതി ലക്ഷ്യം വച്ച് സ്വാതന്ത്ര്യാനന്തര ഇന്ത്യൻ പാർലിമെൻറില് നിർമ്മിക്കപ്പെട്ട ശക്തമായ നിയമങ്ങളിലൊന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്തംബർ മാസം 5 ന് ഈ നിയമം നിലവില് വന്നു.

തൊഴില് ഒരു അവകാശമായി കൽപ്പിച്ചു നൽകുന്ന നിരവധി സവിശേഷതകളുള്ള നിയമമാണിത്. ഗ്രാമീണ മേഖലയിലെ ദാരിദ്ര്യനിർമാർജനം എന്ന പ്രാഥമിക ലക്ഷ്യത്തോടൊപ്പം പാരിസ്ഥിതിക പുനസ്ഥാപനം, സാമൂഹ്യ ആസ്തി സൃഷ്ടിക്കൽ എന്നിവയും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തിനും അവരുടെ കായികാധ്വാന ശേഷിക്കും നിയമ സാധുതയും അന്തസ്സും കൽപ്പിക്കുന്നുവെന്നതാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷത. കേരളത്തിലാദ്യമായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയത് പാലക്കാട്ടും വയനാട്ടിലുമാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ വിപുലമായ അനുഭവസമ്പത്ത് ആർജിക്കാന് നമുക്ക് കഴിഞ്ഞിരിക്കേണ്ടതാണ്.

സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം,കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം
- തൊഴിലാളികൾക്ക് ആസൂത്രണത്തിലും നിർവഹണത്തിലും പങ്കാളിത്തം
- വേതനം നേരിട്ട് തൊഴിലാളികളുടെ ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടിലേക്ക്
- പദ്ധതി സുതാര്യമാക്കാൻ സാമൂഹ്യ ഓഡിറ്റ്

സോഷ്യൽ ഓഡിറ്റിൻറെ പ്രാധാന്യം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും പൊതുജന പങ്കാളിത്തത്തോടെയുള്ള സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് ഈ നിയമത്തിൻറെ അനുഛേദം 17(2)ൽ നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചെലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്ക് പരിശോധന.

എല്ലാ വാർഡിലും വർഷത്തില് രണ്ട് പ്രാവശ്യം സോഷ്യല് ഓഡിറ്റ് ഗ്രാമസഭകള് കൃത്യമായി നടത്തണം. തൊഴിലുറപ്പ് പദ്ധതിയിൽ അഴിമതിക്ക് ഇടനൽകാതെ, സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയാണ് സോഷ്യൽ ഓഡിറ്റിലൂടെ ലക്ഷ്യമിടുന്നത്. സമൂഹത്തിലെ നാനാതുറകളിലുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കി,വിപുലമായ സാമൂഹ്യ വിദ്യാഭ്യാസ പരിപാടിയായണ് സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടക്കുക. പദ്ധതിപ്പണം ശരിയായ രീതിയിൽ ചെലവഴിച്ചിട്ടുണ്ടോ, പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചുവോ, പദ്ധതിയുടെ

ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണപരമായ എന്തുമാറ്റമാണുണ്ടായത്, സാമൂഹ്യ ആസ്തി സൃഷ്ടിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്താന് ശ്രമിക്കുന്നത്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുന്നതിനാൽ സർക്കാര് പദ്ധികളുടെ നടത്തിപ്പിന്മേല് പൊതുസമൂഹത്തിൻറെ ജാഗ്രതയുറപ്പാക്കാൻ സോഷ്യല് ഓഡിറ്റ് വഴിയൊരുക്കും.

രാജ്യത്തെ പരമോന്നത ഓഡിറ്റിങ് സംവിധാനമായ കംട്രോളര് ആൻറ് ഓഡിറ്റര് ജനറല് (സി.എ.ജി) പുറപ്പെടുവിച്ച മാർഗനിർദേശമനുസരിച്ചാണ് ഈ സോഷ്യല് ഓഡിറ്റ് നടത്തിയിട്ടുള്ളത്.സംസ്ഥാന സർക്കാര് രൂപീകരിച്ച സോഷ്യൽ ഓഡിറ്റ് യൂണിറ്റിൻറെ നേതൃത്വത്തിലുള്ള സോഷ്യല് ഓഡിറ്റാണ് പാലക്കാട് ജില്ലയില് തൃത്താല ബ്ലോക്കിലെ തിരുമിറ്റക്കോട് പഞ്ചായത്തില് നടന്നിട്ടുള്ളത്.

<u>രീതിശാസ്ത്രം</u>

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവൃത്തിഫയല് പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളുമായുള്ള അഭിമുഖം, എം.ഐ.എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. താഴെ പറയുന്ന രീതി അവംലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

1. ഓഡിറ്റ് പ്ളാൻ

1.1 ഓഫീസ് സന്ദർശന പരിപാടികൾ.

2. അഭിമുഖം

2.1 (ബിഡിഒ, പഞ്ചായത്ത് പ്രസിഡൻറ്,ജനപ്രതിനിധികൾ,സെക്രട്ടറി & സ്റ്റാഫ്).

2.2 മേറ്റ് ,തൊഴിലാളികൾ,കർഷകര്,തൊഴിലിന് പോകാത്ത തൊഴില് കാർഡ് ഉടമകൾ.

3. ഫയൽ പരിശോധന

3.1 പൊതുപ്രവൃത്തികള്,വ്യക്തിഗത പ്രവൃത്തികൾ

3.2 രേഖകളുടെ ഉള്ളടക്കം.സുതാര്യത,പരിപൂർണത.

3.3 ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും കാര്യപ്രാപ്തി.

4.ഫീൽഡ് സന്ദർശനം,നിരീക്ഷണം.

4.1 പൂർത്തിയായ തൊഴിലിടം.

5. റഫറൻസ് .

5.1 വികസന രേഖ,വാർഷിക പദ്ധതി രേഖ,രജിസ്റ്ററുകൾ,വർക്ക് ഫയൽ.

6. സോഷ്യൽ ഓഡിറ്റ് എംഐഎസ് ഫോർമാറ്റിലേക്കുള്ള വിവരശേഖരണം

6.1.വിവരങ്ങളുടെ ക്രോഡീകരണം

7. ക്രോസ് വെരിഫിക്കേഷൻ, അവസാനവട്ട ചർച്ച.

8. കരട് റിപ്പോർട്ട് തയ്യാറാക്കൽ അവകാശങ്ങളെ സംബന്ധിച്ച്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും ഏറ്റെടുക്കേണ്ട പ്രവൃത്തികളെ കുറിച്ചും തൊഴിലുറപ്പ് നിയമത്തിലും 2018 ലെ മാസ്റ്റർ സർക്കുലറിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ 10 അവകാശങ്ങൾ

1. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽകാർഡ് ലഭിക്കുവാനുള്ള അവകാശം.
2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളില് തൊഴില് ലഭിക്കുവാനുള്ള അവകാശവും ആയതിൻറെ കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുള്ള അവകാശവും
3. തൊഴിൽ ലഭിച്ചില്ലെങ്കില് തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം, (15 ദിവസം കഴിഞ്ഞാല് അടുത്ത 30 ദിവസം ദിവസവേതനത്തിൻറെ നാലിലൊന്നും പിന്നിടുള്ള ദിവസങ്ങളില് ദിവസവേതനത്തിൻറെ 50% വും ലഭിക്കാന് തൊഴിലാളിക്ക് അവകാശമുണ്ട്.)
4. പദ്ധതി ആസൂത്രണത്തിൽ പങ്കെടുക്കാനുള്ള അവകാശം.
5. 5 കിലോമീറ്ററിനുള്ളില് തൊഴില് ലഭിക്കുവാനുള്ള അവകാശം, അല്ലെങ്കിൽ (വേതനത്തിൻറെ 10 ശതമാനം അധികം)
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളില് വേതനം ലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.
10. ഗ്രാമസഭയിൽ പങ്കെടുക്കുന്നതിനും സോഷ്യല് ഓഡിറ്റ് പ്രക്രിയയില് പങ്കെടുക്കാനുമുള്ള അവകാശം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അടിസ്ഥാനപരമായി ഒരു അവകാശാധിഷ്ഠിത പദ്ധതിയാണ്.അതുകൊണ്ടുതന്നെ തൊഴിലാളികളുടെ അവകാശലംഘനത്തെ ഗൗരവത്തോടെതന്നെ കാണേണ്ടതുണ്ട്.അതിലേക്ക് വരുന്നതിന് മുമ്പ് സോഷ്യല് ഓഡിറ്റ് റിസോഴ്സ് സംഘം തെക്കേ തൊഴുക്കാട് വാർഡ്ലെ 10 പ്രവൃത്തികളുടെ ഫയലുകള് പരിശോധിക്കുകയുണ്ടായി. അതിൻറെ വിവരങ്ങള് ഇവിടെ പങ്കുവക്കുന്നു.

പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ		
1	ആകെ തൊഴിൽ കാർഡ്	3511
2	ആകെ തൊഴിലാളികൾ	3898
3	ആക്റ്റീവ് തൊഴിൽ കാർഡ്	989
4	ആക്റ്റീവ് തൊഴിലാളികള്	1070
5	പട്ടികജാതി വിഭാഗം	1239
6	എസ്ടിതൊഴിലാളികൾ	0
7	കഴിഞ്ഞവർഷം ആകെ ചെലവ്	175.56 ലക്ഷം
8	ഈ വർഷം ആകെ ചെലവ്	120.44 ലക്ഷം

വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങള്	
ആകെ തൊഴിൽ കാർഡ്	201
ആകെ തൊഴിലാളികൾ	267
ആക്റ്റീവ് തൊഴിലാളികൾ	28
ആകെ ചിലവായ തുക(2018-2019)	8.07678 ലക്ഷം
ആകെ തൊഴിൽ ദിനങ്ങള് (2018-2019)	2574
സ്ഥിരമായിതൊഴിലിന് അപേക്ഷിക്കുന്നവർ	32
പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾ	27
പട്ടികജാതി വിഭാഗത്തിലെ തൊഴിലാളികൾ	96
കഴിഞ്ഞ വർഷം 100 ദിവസം തൊഴില് കിട്ടിയവര്	18

സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ

ക്രമ നമ്പർ	വർക്ക് കോഡ്	പ്രവൃത്തി	ആരംഭിച്ച തീയതി	അടങ്കൽ തുക	ചെലവായ തുക	അവിദഗ്ധ തൊഴിൽ ദിനങ്ങൾ	വിദഗ്ധ തൊഴിൽ ദിനങ്ങൾ	സാധന ഘടകം
1	1606013006/WH/319192	മഴക്കെടുതി മൂലം തകർന്ന പത്തിലപ്പാലം തോട് പുനരുദ്ധാരണം	16/11/18	200000	M.BOOK പ്രകാരം 193190 രൂപ വേജ് ലിസ്റ്റ് പ്രകാരം	699	ഇല്ല	ഇല്ല
2	1606013006/FP/305958	നെല്ലിക്കാട്ടിരി വട്ടോള്ളി പെട്ടിക്കടറോഡ് വെള്ളക്കെട്ട് ഒഴിവാക്കുക കാന നിർമ്മാണം	16/01/2019	150000	100188	363	ഇല്ല	ഇല്ല
3	1606013006/IF/369928	ലൈഫ് ഭവനനിർമ്മാണം-ലീല ബൈജു	11/12/2018	24390	24390	90	ഇല്ല	ഇല്ല
4	1606013006/IF/	ലൈഫ് ഭവന നിർമ്മാണം - സത്യഭാമ മുരളീധരൻ		24390				
5	1606013006/IF/369929	ലൈഫ് ഭവന നിർമ്മാണം കദീജ കാടയിൽ	18/12/2018	24390	24390	90	ഇല്ല	ഇല്ല
6	1606013006/IF/374919	ലൈഫ് ഭവന നിർമ്മാണം - നബീസ മൊയ്തീൻ ഏർ ക്കര	27/01/2019	24390	24390	90	ഇല്ല	ഇല്ല
7	1606013006/IF/313513	SC/BPL ഭൂമിയിൽ ഭൂവികസന പ്രവർത്തികള് മഴക്കുഴി ,മണ്ണ് /കല്ല് കയ്യാല -ലത	22/10/2018	21500	16560	60	ഇല്ല	ഇല്ല

8	1606013006/IF/313514	SC/B ഭൂമിയില് ഭൂവികസന പ്രവർത്തികള് മഴക്കുഴി ,മണ്ണ് /കല്ല് കയ്യാല കാർത്യാനി	22/10/2018	21500	16560	60	ഇല്ല	ഇല്ല

ഒറ്റ നോട്ടത്തിൽ

	വിവരങ്ങൾ	ജില്ലാതലം	ബ്ലോക്ക് തലം	പഞ്ചായത്ത് തലം
1	സൃഷ്ടിച്ച തൊഴിൽ ദിനങ്ങള്	9311669	471554	60642
2	കുടുബങ്ങൾക്ക് നൽകിയ ശരാശരി തൊഴില് ദിനങ്ങൾ(ലക്ഷത്തിൽ)	56.1	65.92	61.32
3	100 ദിനങ്ങള് പൂർത്തീകരിച്ച കുടുംബങ്ങള്	29976	2792	277
4	ആകെ തൊഴിലെടുത്ത കുടുംബങ്ങൾ	1.66	7153	989
5	ആകെ തൊഴിലെടുത്ത തൊഴിലാളികൾ	1.88	8350	1070
6	ആകെ തൊഴിൽ ദിനങ്ങള് എസ് സി കുടുംബങ്ങൾക്ക്.	28.7%	64.19%	55.48%
7	ആകെ തൊഴിൽ ദിനങ്ങള് എസ്കുടുംബങ്ങൾക്ക് ടി.	8.63%	0.04%	0

സന്ദർശന വിവരങ്ങൾ

1.	ആകെ സന്ദർശിച്ച തൊഴിലിടങ്ങള്	7
2	സന്ദർശിച്ച വീടുകള്	6
3	സന്ദർശിച്ച സജീവ തൊഴിലാളികള്	13
4	സന്ദർശിച്ച നിഷ്ക്രിയ തൊഴിലാളികള്	--
5	പരിശോധിച്ച തൊഴിൽ കാർഡുകള്	14

ഏഴ് രജിസ്റ്ററുകളുടെ പരിശോധന

കേന്ദ്രസർക്കാരിൻറെ നിർദ്ദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന 7 രജിസ്റ്ററുകള് നിർബന്ധമായും സൂക്ഷിക്കേണ്ടവയാണ്.

1) തൊഴിൽ കാർഡിനുള്ള അപേക്ഷയുടെ രജിസ്റ്റര്
2) സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റര്
3) ഡിമാൻറ് രജിസ്റ്റര്
4) പ്രവൃത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5) സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6) പരാതി രജിസ്റ്റർ
7) സാധന ഘടക രജിസ്റ്റർ

കണ്ടെത്തലുകൾ

AMC പ്രകാരമുള്ള 7 രജിസ്റ്ററുകളും പ്രത്യേകം രജിസ്റ്ററുകളായി സൂക്ഷിക്കേണ്ടവയാണ്.എന്നാൽ 7 രജിസ്റ്ററുകളുടെ പരിശോധനയിൽ .ഇവിടെ കമ്പ്യൂട്ടറിൽ ആണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് കണ്ടെത്തി.

- തൊഴിൽ കാർഡ്,പരാതി രജിസ്റ്റർ, ഗ്രാമസഭ രജിസ്റ്റര് എന്നിവ മാത്രമേ പരിശോധനക്ക് ലഭ്യമായിട്ടുള്ളൂ .

1.തൊഴിൽ കാർഡ് രജിസ്റ്റർ

തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ ആണ് തൊഴിൽ കാർഡ് രജിസ്റ്റർ.തിരുമിറ്റക്കോട് പഞ്ചായത്തിൽ 18- 19 കാലയളവിൽ 13 തൊഴിൽ കാർഡ് ആണ് പുതിയതായി അനുവദിച്ചിട്ടുള്ളത്. 1 ആം വാർഡില് ആകെ, 201 തൊഴിൽ കാർഡില് 267 തൊഴിലാളികളാണ് ഉള്ളത് .തൊഴിൽ കാർഡ് രജിസ്റ്റർ ആധികരികത ഉറപ്പ് വരുത്താത്ത കമ്പ്യൂട്ടർ പകർപ്പയാണ് സൂക്ഷിച്ചിരിക്കുന്നത്.13 തൊഴിലാളികൾ പുതുതായി തൊഴില് കാർഡ് എടുത്തിട്ടുണ്ട് .

2.ഗ്രാമസഭ രജിസ്റ്റർ

തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ ആണ് ഗ്രാമസഭ രജിസ്റ്റർ.പഞ്ചായത്തിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്റര് ആണ്. ഓഡിറ്റിന് വിധേയമാക്കിയ ഒന്നാം വാർഡിലെ ഗ്രാമസഭ രജിസ്റ്റർ മേറ്റ് ആണ് സൂക്ഷിക്കുന്നത് എന്ന് പരിശോധനക്ക് ചോദിച്ചപ്പോള് എൻആർഇജിഎസ് ഉദ്യോഗസ്ഥര് പറഞ്ഞു .ഗ്രാമസഭക്ക് രണ്ടു ദിവസം മുൻപാണ് ലഭ്യമായത്. പരിശോധിച്ചപ്പോൾ 04/10/2018, 20/07/2019 എന്നീ തീയതികളിൽ ഗ്രാമസഭ കൂടിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുവദിക്കപ്പെട്ട പ്രവർത്തികള് രേഖപ്പെടുത്തിയിട്ടില്ല.

3. പരാതി രജിസ്റ്റർ:

പരാതി രജിസ്റ്ററും സന്ദർശന ഡയറിയും ഒറ്റ രജിസ്റ്റര് ആയിട്ടാണ് സൂക്ഷിച്ചിരിക്കുന്നത്. സെക്രട്ടറി സീല് വെച്ചിട്ടുണ്ട് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല .പരാതികൾ ഒന്നുംതന്നെ രേഖപ്പെടുത്തിയതായി കണ്ടില്ല..

18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമല്ല.

ഫയൽ വെരിഫിക്കേഷന്

2018ലെ വാർഷിക മാസ്റ്റര് സർക്കുലര് അധ്യായം 7ലെ ഖണ്ഡിക 11(5) പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെ പറയുന്ന 22 രേഖകള് സൂക്ഷിക്കേണ്ടതുണ്ട്:ജിയോ ടാഗെട് ഫോട്ടോഗ്രാഫ്, മാസ്റ്റർ റോള് മൂവ്മെന്റ് സ്ലിപ്, പ്രവർത്തി അനുവദിക്കാല് ഫോം എന്നീ രേഖകള് ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല.

1.കവർപേജ്
2.ചെക് ലിസ്റ്റ്
3.വാർഷിക പദ്ധതി ആസൂത്രണ രേഖ
4.ടെക്നിക്കൽ എസ്റ്റിമേറ്റ് ആൻറ് ഡിസൈന്
5.സാങ്കേതിക അനുമതി രേഖ
6.ഭരണാനുമതി രേഖ
7.സംയോജിത പദ്ധതി ആണെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകള്
8.ആനുവൽ മാസ്റ്റര് സർക്കുലര് അനുഛേദം 3എ,3ബി പ്രകാരമുള്ള തൊഴിലാളികളുടെ ഡിമാൻറ് ഫോറം.
9.പ്രവൃത്തി അനുവദിക്കൽ ഫോറം
10.ഇ.മസ്റ്റർ റോള്
11.മെഷർമെൻറ് ബുക്ക്
12. മെറ്റീരിയൽ വർക്ക് ആണെങ്കില് സാധനങ്ങള് വാങ്ങുന്നതും ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട രേഖകള്
13.വേജ് ലിസ്റ്റ്
14.ഫണ്ട് ട്രാൻസ്ഫര് ഓർഡര്
15.മെറ്റീരിയൽ വൗച്ചറുകളും ബില്ലുകളും
16.റോയൽറ്റി ഉണ്ടെങ്കില് അതിൻറെ രേഖകള്
17.പ്രവൃത്തി ആരംഭം മുതൽ അവസാനിക്കുന്നതുവരെയുള്ള മൂന്ന് ഘട്ട ഫോട്ടോ.
18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം.
19.മസ്റ്റർ റോള് മൂവ്മെൻറ് സ്ലിപ്പ്/ഫയൽ ട്രാക്കിങ് ഫോറം
20.ജിയോ ടാഗ്ഡ് ഫോട്ടോഗ്രാഫ്
21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൻറെ കോപ്പി
22.സൈറ്റ് ഡയറി

കണ്ടെത്തലുകൾ

ഓഡിറ്റിൻറെ ഭാഗമായി പ്രവർത്തികളുടെ ഫയല് പരിശോധിച്ചപ്പോള്, പത്തൊൻപത് രേഖകള് ഒട്ടുമിക്ക ഫയലുകളിലും വെച്ചിട്ടുണ്ടെങ്കിലും ജിയോ ടാഗെട് ഫോട്ടോഗ്രാഫ്, പ്രവർത്തി അനുവദിക്കാല് ഫോറം, മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് എന്നീ രേഖകള് ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ലെന്നു കണ്ടെത്തി.

1.കവർപേജ്

വാർഷിക മാസ്റ്റര് സർക്കുലര് പ്രകാരമുള്ള ഒരു കവര് പേജ് ഫയലില് സൂക്ഷിക്കുന്നത് തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യതയും ലാളിത്യവും ഉറപ്പാക്കാൻ സഹായകമാകും.ഒരു പ്രവൃത്തിയുടെ എല്ലാ അടിസ്ഥാനവിവരങ്ങളും അടങ്ങുന്ന രേഖയാണിത്.

8 ഫയലുകൾ പരിശോധിച്ചതിൽ, 4ഫയലുകളില് AMC പ്രകാരമുള്ള കവർ പേജുണ്ടായിരുന്നു . 4 ഭവനനിർമ്മാണപ്രവർത്തിയില് കവർപേജ് ഇല്ല .

2.ചെക് ലിസ്റ്റ്

കവര് പേജ് പോലെത്തന്നെ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്ക് സുതാര്യതയും വ്യക്തതയും ഉറപ്പാക്കാന് സഹായിക്കുന്ന രേഖയാണ് ചെക് ലിസ്റ്റ്. ഒരു ഫയലിൽ ഏതൊക്കെ രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും അത് ഏത് പേജ് മുതൽ ഏത് പേജ് വരെയാണെന്നും മനസ്സിലാക്കുന്നതിനുള്ള ഒരു രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച 8 ഫയലുകളില് 4 ഫയലുകളിൽ ചെക്ക് ലിസ്റ്റ് ഉണ്ട് അതില് രണ്ടു പ്രവർത്തികളുടെ ചെക്ക്ലിസ്റ്റ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

3.വാർഷിക പദ്ധതി രേഖ

ഒരു വാർഡിലെ തൊഴില് ആവശ്യപ്പെടുന്ന മുഴുവന് തൊഴിലാളികൾക്കും വർഷത്തില് 100 പണി ഉറപ്പാക്കുന്നതിന് ആവശ്യമായപ്രവൃത്തികൾ കണ്ടെത്തി രേഖപ്പെടുത്തിവെച്ചിരിക്കുന്ന സുപ്രധാനമായ രണ്ടു രേഖകളാണ് ആക്ഷൻ പ്ലാനും ഷെൽഫ് ഓഫ് പ്രൊജക്റ്റും. ഒരു വാർഡില് ഒരു വർഷം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികളെ കുറിച്ചുള്ള സമഗ്രമായ രൂപരേഖയാണ് വാർഷിക പദ്ധതി രേഖ. ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണനാടിസ്ഥാനത്തിൽ അതാത് സാമ്പത്തികവർഷത്തിൽ ആവശ്യമുള്ള വർക്കുകൾ തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും .

ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു. ഒരു പ്രവൃത്തിയുടെ ഫയലില് പ്രവൃത്തിയെ കുറിച്ച് പരാമർശിക്കുന്ന വാർഷികപദ്ധതിയുടെ പകർപ്പ് സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

പരിശോധിച്ച 8 പ്രവൃത്തി ഫയലില് 4 പ്രവർത്തികളില് വാർഷിക പദ്ധതി രേഖയുടെ പകർപ്പ് ഉണ്ടായിരുന്നു,4 ഭവനനിർമ്മാണ പദ്ധതികളില് ഇല്ല .എന്നാൽ വാർഷിക പദ്ധതി രേഖയുടെ അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന ആദ്യപേജ് കൂടി ഇതിനോടൊപ്പം ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

4.എസ്റ്റിമേറ്റ്

ഓരോ പ്രവർത്തിക്കും എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം, ഡിസൈൻ, പ്രവർത്തിയുടെ പ്രതീക്ഷിത നേട്ടങ്ങൾ വിശദീകരിക്കുന്ന സാങ്കേതിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കേണ്ടതും സെക്വർ സോഫ്റ്റ് വെയറിലൂടെ ഓൺലൈനായി അനുമതികൾ ലഭ്യമാക്കേണ്ടതുമാണ് .ഒരു പ്രവൃത്തി തുടങ്ങും മുമ്പ് ആ പ്രവൃത്തി എന്ത്, എങ്ങനെ, എത്ര അളവിൽ ചെയ്യണമെന്നറിയാന് തൊഴിലാളികൾക്ക് അവകാശമുണ്ട്. അതിന് അവർക്കും ഇക്കാര്യമറിയാൻ താത്പര്യമുള്ള മറ്റുള്ളവർക്കും മനസ്സിലാക്കാന് കഴിയുന്ന തരത്തില് ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റിൻറെ കൂടെ ജനകീയ എസ്റ്റ്മേറ്റ് തയ്യാറാക്കേണ്ടതുണ്ട്.

എന്നാല് തിരുമിറ്റക്കോട് പഞ്ചായത്തില് ഇത്തരത്തിലുള്ള ജനകീയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതിയില്ലെന്നാണ് ജീവനക്കാർ പറയുന്നത്. പരിശോധിച്ച ഒരു ഫയലിലും ജനകീയ എസ്റ്റിമേറ്റ് കാണാൻ കഴിഞ്ഞില്ല.

പരിശോധിച്ച ഫയലുകളില് 8 എണ്ണത്തിലും ഡീറ്റെയിൽ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. സർവ്വേ ഡാറ്റ,റേറ്റ് അനാലിസിസ് ഉണ്ടായിരുന്നില്ല. എൻജിനീയരുടെ (MGNREGS,LSGD) ഒപ്പും സീലും ഇല്ല. തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

5.സാങ്കേതികാനുമതി

സാങ്കേതിക എസ്റ്റിമേറ്റ് പദ്ധതിയിൽ ഏറ്റെടുക്കുന്ന ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിന്റെ അനുമതിയോടുകൂടിയ സാങ്കേതിക എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതാണ്. സാങ്കേതിക വിദഗ്ധരടങ്ങുന്ന സമിതിയുടെ അനുമതിരേഖ എല്ലാരീതിയിലും പൂർണവും ആധികാരികവുമായിരിക്കണം. പരിശോധിച്ച 8 ഫയലുകളിലും സാങ്കേതിക അനുമതിയുടെ കോപ്പി ഉണ്ടായിരുന്നു.പഞ്ചായത്തിൽ നിന്നും ലഭ്യമായ സാങ്കേതിക അനുമതി ഫോറം,സെക്ക്യൂറിൽ നിന്നെടുത്ത പകർപ്പ് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ടെക്നിക്കൽ കമ്മറ്റി അംഗങ്ങളുടെ വിവരങ്ങള് ഫയലില് ഉണ്ട് ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

6.ഭരണാനുമതി

ഒരു വാർഡില് ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി. സെക്യൂറിൽ നിന്നെടുത്ത കോപ്പിയാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. സെക്യൂർ കോപ്പിയില് റെസല്യൂഷന് നമ്പര്,തിയതി എന്നിവ അപ് ലോഡ് ചെയ്യുമ്പോൾ ആ ദിവസത്തെ തീയതിയും പ്രൊസീഡിങ് നമ്പറും മാത്രമാണ് പ്രിൻറ് ഔട്ടില് വരുന്നത്. ഇത് ഭരണാനുമതി നമ്പറായി പരിഗണിക്കാനാവില്ല. അതുകൊണ്ടുതന്നെ, ഗ്രാമസഭാ തീരുമാനത്തിന് പഞ്ചായത്ത് ഭരണസമിതി

നൽകുന്ന അനുമതിപത്രത്തിൻറെ ഒരു കോപ്പി ഫയലില് സൂക്ഷിക്കേണ്ടതാണ്. ഇവിടെ ഇതിന്റെ കോപ്പി പ്രത്യേകമായി ഒരു ഫയലിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. പരിശോധിച്ച 8 ഫയലുകളില് 8 എണ്ണത്തിലും ഭരണാനുമതി ഉണ്ടായിരുന്നു. അത് സെക്യൂറിൽ നിന്നെടുത്ത കോപ്പി ആയിരുന്നു.ആ ഭരണാനുമാതിയിൽ സെക്രട്ടറിയോ പ്രസിഡൻറോ ഒപ്പ്,സീൽ,തിയ്യതി എന്നിവ രേഖപ്പെടിത്തിയിട്ടില്ല.

7.സംയോജിതപദ്ധതി (കൺവേർജൻസ്)

കൺവേർജൻസ് ആയ 4 പ്രവർത്തി ഈ ആഡിറ്റ് കാലയളവില് ഉണ്ടായിരുന്നു.

8.തൊഴിലാളികളുടെ ഡിമാൻറ് ഫോറം

നിയമം അനുശാസിക്കുന്ന തരത്തിൽ തൊഴിലാളികൾക്ക് വർഷത്തില് 100 ദിവസത്തെ തൊഴിലും ,തൊഴിൽ കിട്ടിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും കിട്ടണമെങ്കില് അവര് നൽകുന്ന അപേക്ഷയും കൃത്യമാകേണ്ടതുണ്ട്. ആനവൽ മാസ്റ്റര് സർക്കുലറില് നിർദേശിക്കുന്ന തരത്തില് തൊഴിലുറപ്പ് നിയമത്തിലെ അനുഛേദം 3എ,3ബി പ്രകാരമുള്ള നിർദിഷ്ട ഫോറത്തില് അപേക്ഷ നൽകേണ്ടതുണ്ട്.

ഇവിടെ, തിരുമിറ്റകോഡ് പഞ്ചായത്തില്, വെള്ളപേപ്പറില് തയ്യാറാക്കിയ ഗ്രൂപ്പ് അപേക്ഷയാണ് നൽകുന്നത്. അപേക്ഷിക്കുന്ന തൊഴിലാളികളുടെ ഒപ്പ് അപേക്ഷയില് രേഖപ്പെടുത്തിയതായി കണ്ടില്ല. തൊഴിലാളികൾക്ക് അവരാവശ്യപ്പെട്ട ദിവസം തൊഴില് നൽകിയില്ലെങ്കില് തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശമാണ് നഷ്ടപ്പെടുന്നത്.

പരിശോധിച്ച 8 ഫയലുകളിൽ 4 പ്രവർത്തികളില് ഡിമാൻഡ് ഫോം ഉണ്ട് .

9.തൊഴിൽ അനുവദിക്കൽ

തൊഴിലിനുള്ള അപേക്ഷ സ്വീകരിച്ചാൽ 15 ദിവസത്തിനുള്ളില് തൊഴില് നൽകണമെന്ന് MGNREGA Shedule2 Section 6- ല് പരാമർശിക്കുന്നു. അതിന് കഴിഞ്ഞില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം കൊടുക്കണമെന്നും അദ്ധ്യായം **3** Section 7,8,9 ഭാഗങ്ങളില് അനുശാസിക്കുന്നു. തൊഴിൽ ആവശ്യപ്പെട്ടവര്ക്കു തൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക് അലോക്കേഷൻ ഫോം 8 പ്രവർത്തിയുടെ ഫയലിലും ഉണ്ടായിരുന്നില്ല .

10. ഇ. മസ്റ്റർ റോൾ

തൊഴിലുറപ്പ് പദ്ധതിയിലെ രേഖകളിൽ ഏറ്റവും പ്രധാനപ്പെട്ട രേഖയാണ് മസ്റ്റര് റോൾ.തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ഹാജർ, ദിവസ വേതനം ,മസ്റ്റ്ര് റോള് പ്രകാരമുള്ള വേതനം, എന്നിവ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇ മസ്റ്റര് റോള്. ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ തീയതിയോടു കൂടി ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. മസ്റ്റർ റോള് ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ട രേഖയാണ്. 8 പ്രവർത്തി ഫയലിലെ മസ്റ്റര് റോള് പരിശോധിച്ചപ്പോള് കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു: എട്ട് ഫയലുകളിലായി ആകെ 65 മാസ്റ്റർ റോളുകളാണ് പരിശോധിച്ചത്.

1) 59 മസ്റ്റർ റോളുകളില് BDO ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

2) 15 മാസ്റ്റര് റോളുകളില് BDO ഒപ്പിനൊപ്പം തീയതി രേഖപ്പെടുത്തിയിട്ടുണ്ട്..
3) 59 മസ്റ്റര് റോളുകളിൽ സെക്രട്ടറി ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.
4) സെക്രട്ടറി ഒപ്പോ സീലോ തിയതിയോ രേഖപ്പെടുത്താത്ത 4 മസ്റ്റര് റോളുകള് ഉണ്ടായിരുന്നു.
5) 47 മാസ്റ്റർ റോളുകളില് പരിശോധിച്ച ഉദ്യോഗസ്ഥന്റെ ഒപ്പ് ഇല്ല.

6) ഭവന നിർമ്മാണ പ്രവർത്തികളില് 28 മസ്റ്റർ റോളുകളാണ് ഉണ്ടായിരുന്നത് ഇതിലെല്ലാം തന്നെ മേറ്റ്ന്റെ ഒപ്പ്,ചെക്കിംഗ് ഓഫീസിരുടെ ഒപ്പ് എന്നിവിടങ്ങളിലെല്ലാം തൊഴിലാളിയാണ് ഒപ്പിട്ടിരിക്കുന്നതെന്ന് മനസിലാക്കുന്നു.

7) പത്തിലപ്പാലം തോട് പ്രവർത്തിയുടെ മസ്റ്റര് റോളുകളില് വന്ന തെറ്റുകള് ;

- മാസ്റ്റർ റോള് നമ്പര് 10285ൽ 001/12 കാർത്ത്യാനി .കെ ചുവന്ന മഷികൊണ്ട് ആബസെൻസ് രേഖപ്പെടുത്തിയതിനു മുകളിൽ ഒപ്പിട്ടിരിക്കുന്നു രണ്ട് കോളങ്ങളില് അങ്ങനെ ചെയ്തിട്ടുണ്ട്.
- മാസ്റ്റർ റോള് നമ്പര് 10285ൽ 001/14 സരോജിനി അയപ്പൻ കാർഡ് ഉടമയുടെ ഒപ്പ് ഇടേണ്ട കോളത്തിൽ ഒപ്പിട്ടിട്ടില്ല.
- മാസ്റ്റർ റോള് നമ്പര് 10285 ൽ 001/17 രാധയുടെ ടോട്ടൽ അറ്റെണ്ടാൻസ് കൂട്ടിയതില് തെറ്റുപറ്റി തിരുത്തി എഴുതിയിട്ടുണ്ട്.
- മാസ്റ്റർ റോള് നമ്പര് 10286ൽ കാർഡ് നമ്പര് 001/26 ശ്രീമതി,001/42 വസന്ത എന്നിവർ കാർഡ് ഉടമയുടെ കോളത്തില് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
- മാസ്റ്റർ റോള് 10748ൽ 001/11 ലത കെ.പി, 001/12 കാർത്യായനി, 001/15 കോമളം, 001/172 സരസ്വതി, 001/77 ജാനകി എന്നിവർ കാർഡ് ഉടമയുടെ കോളത്തില് ഒപ്പിട്ടിട്ടില്ല.മനപ്പൂർവമല്ലാത്ത വെട്ടിത്തിരുത്തലുകൾ ഈ മാസ്റ്റര് റോള്ളില് കാണുകയുണ്ടായി,001/15 കോമളത്തിന്റെ ആകെ കൂലി കൂട്ടിയതിൽ തെറ്റുപറ്റി തിരുത്തി എഴുതിയിട്ടുണ്ട്.
- മാസ്റ്റർ റോള് നമ്പര് 10749 ആകെ തൊഴിൽ ദിനങ്ങള് കണക്കാക്കിയതില് തെറ്റുപറ്റി തിരുത്തി എഴുതിയിട്ടുണ്ട്.ഈ മാസ്റ്റർ റോളില് തന്നെ 001/4 മീനാക്ഷി, 001/42 വസന്ത എന്നിവർ കാർഡ് ഉടമയുടെ കോളത്തിൽ ഒപ്പ് ഇട്ടിട്ടില്ല.
- 10750 ല് 001/71 കാർത്യാനി കാർഡ് ഉടമയുടെ കോളത്തില് ഒപ്പിട്ടിട്ടില്ല.മനപ്പൂർവമല്ലാത്ത വെട്ടിത്തിരുത്തലുകൾ ഉണ്ട്.
- 12178 ൽ 001/2 വള്ളിക്കുട്ടി ,001/34 വേശ്ര ,001/36 ഗിരിജ എന്നിവർ കാർഡ് ഉടമയുടെ കോളത്തില് ഒപ്പിട്ടിട്ടില്ല.
- 13773 ൽ പത്ത് തൊഴിലാളികളുടെയും ആകെ ഹാജർ,ആകെ കൂലി ,ഷാർപ്പെനിംഗ് ചാർജ് ,ടോട്ടൽ പയ്മെന്റ്റ്,ഡെയിലി അട്ടെന്ടെൻസ് എന്നിവയെല്ലാം വെട്ടിതിരുതിയിട്ടുണ്ട്.ടോട്ടൽ പേയ്മെന്റില് രണ്ടു സംഖ്യകള് എഴുതിയിട്ടുണ്ട്.ആകെ മൊത്തം 21 വെട്ടിത്തിരുത്തലുകൾ.
- മേൽപ്പറഞ്ഞ പോലെ മാസ്റ്റർറോള് നമ്പർ 13744ലും ആകെമൊത്തം 36 വെട്ടിത്തിരുത്തലുകൾ.
- മാസ്റ്റർ റോള് 13775 ൽ ടോട്ടല് കാഷ് പെയ്മെന്റ് വെട്ടിതിരുതിയിട്ടുണ്ട്.
- 001/1 ലക്ഷ്മി, 001/14 സരോജിനിഅയ്യപ്പൻ, 001/176 ജാനകി എന്നിവര് കാർഡ് ഉടമയുടെ കോളത്തിൽ ഒപ്പിട്ടിട്ടില്ല.
- 001/71 കാർത്യായനി,001/8 ദേവകി , 001/9 പാറു എന്നിവർ തൊഴില് കാർഡ് ഉടമയുടെ കോളത്തില് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

8) നെല്ലിക്കാട്ടിരി വട്ടോളി പെട്ടിക്കട റോഡ് വെള്ളക്കെട്ട് ഒഴിവാക്കുക കാന നിർമ്മാണ പ്രവർത്തിയുടെ മസ്റ്റർ റോള് പരിശോധനയിലെ കണ്ടെത്തലുകള് :

- മാസ്റ്റർ റോളിലും തൊഴില് ചെയ്ത തീയതികള് രേഖപ്പെടുത്തിയിട്ടില്ല.
- മാസ്റ്റർ റോള് ല് ടോട്ടല് അറ്റണ്ടൻസ്,ആകെ തുക എന്നിവയിൽ രണ്ട് സംഖ്യകള് എഴുതിയിട്ടുണ്ട്.ഇതിൽ തന്നെ ലക്ഷ്മി മൂന്ന് ദിവസത്തെ ഒപ്പ് രേഖപ്പെടുത്തിയതില് ഒന്ന് തിരുത്തി അബ്സേൻസ് ആക്കിയിരിക്കുന്നു.
- മാസ്റ്റർ റോള് 16223 ല് ദേവകി 7 ദിവസത്തെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാല് 6 ദിവസത്തെ വേതനം മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന് വേജ് ലിസ്റ്റില് നിന്ന് മനസിലാക്കുന്നു.

മാസ്റ്റർ റോള് ചെക്കിന് തുല്യമാണ് ആകയാല് മാസ്റ്റര് റോളുകള് കൈകാര്യം ചെയ്യുന്നതില് മേറ്റ്,തൊഴിലാളികൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. എല്ലാ പ്രവർത്തികളിലേയും മാസ്റ്റര് റോളുകള് പരിശോധിച്ച് വിലയിരുത്താന് പരിശോധനാ ഉദ്യോഗസ്ഥൻ താല്പ്പര്യപ്പെടനം.

11. മെഷർമെൻറ് പുസ്തകം (M Book)

ഒരു പ്രവൃത്തിയിൽ എന്തു നടന്നു,എത്ര അളവിൽ നടന്നു എന്നുള്ള കാര്യങ്ങള് കൃത്യമായി രേഖപ്പെടുത്തേണ്ട സുപ്രധാന രേഖയാണ് എം.ബുക്ക്. അതുകൊണ്ടുതന്നെ ഈ പുസ്തകത്തിൽ അളവുകൾ രേഖപ്പെടുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവരുടെ പേരും ഒപ്പും സീലും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

- പരിശോധിച്ച 8 ഫയലുകളിലായി 5 എം ബുക്കുകള് ഉണ്ടായിരുന്നു.4 ഭവന നിർമ്മാണ പ്രവർത്തികളില് എം ബുക്ക് വെച്ചിട്ടില്ലായിരുന്നു.
- എം ബുക്ക് സെക്രട്ടറി സീലോട് കൂടി സർട്ടിഫൈ ചെയ്തിട്ടുണ്ട്മെഷർമെൻറ് . ബുക്ക് നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് .
- ഭരനാനുമാതിയുടെ നമ്പർ സാങ്കേതിക അനുമതിയുടെ നമ്പര്, മസ്റ്റര് റോൾ നമ്പർ അതിലെ വിവരങ്ങൾ, എന്നിവ രേഖപെടുതിയിട്ടില്ല. സെക്രട്ടറി.,പ്രസിഡന്റ്,എഞ്ചിനീയർ LSGD, അക്രിഡിറ്റെഡ്എഞ്ചിനീയർ MGNREGS, ഓവറ്സീയെർ എന്നിവരുടെ ഒപ്പും സീലും ഉണ്ട് എന്നാല് തീയതി ഇല്ല.
- പ്രവർത്തികൾ ആരംഭിക്കുന്നതിനു മുമ്പുള്ള അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തിയതായി കാണുവാൻ സാധിച്ചിട്ടില്ല. എം ബുക്കില് ചെയ്യുന്ന പ്രവർത്തി ഏതെന്ന് പേര് എഴുതി എത്ര എണ്ണത്തിൽ ഏതൊക്കെ അളവില് എന്ന് വേർതിരിച്ചു കാണിക്കുന്നില്ല . പ്രവർത്തിയുടെ യഥാർത്ഥ ചെലവ് രേഖപെടുതിയിട്ടുണ്ട്.

12.മെറ്റീരിയൽ ലിസ്റ്റ്

മെറ്റീരിയല് എത്ര ഉപയോഗിച്ചു എന്നതിന് അടിസ്ഥാനപ്പെടുത്തി, വെണ്ടർക്ക് നൽകേണ്ട തുക, അവരുടെ പേര്, അക്കൗണ്ട് നമ്പര് ,പ്രവർത്തിയുടെ പേര്,വർക്ക് കോഡ് , ബിൽ നമ്പര് ,തീയതി എന്നിവ

എല്ലാം കാണിച്ച കൊണ്ട് മെറ്റീരിയലിന് വേണ്ടിയുള്ള പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് മെറ്റീരിയൽ ലിസ്റ്റ്. പരിശോധനക്ക് വിധേയമാക്കിയത്തിൽ മെറ്റീരിയല് പ്രവർത്തി ഇല്ല .

13.വേജ് ലിസ്റ്റ്

പ്രവൃത്തി പൂർത്തിയായാല് മസ്റ്റര് റോള് പ്രകാരം തൊഴിലാളികൾക്ക് വേതനം അനുവദിച്ചുവെന്ന് ഉറപ്പാക്കുന്ന രേഖയാണ് വേജ് ലിസ്റ്റ്. തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത്കൂലി, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ച കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്.

- പരിശോധിച്ച 4 ഫയലുകളില് വേജ് ലിസ്റ്റ് ഇല്ല

14. ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO)

തൊഴിലാളികളുടെ വേതനം അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചു എന്നതിനുള്ള തെളിവെന്ന നിലയിലാണ് FTO വിൻറെ പ്രധാന്യം.

.

ഈ കാരണത്താൽ ഒഡിറ്റ് ടീമിന് ചില തടസ്സങ്ങളുണ്ടായി

1) തൊഴിലാളികൾക്ക് കൃത്യമായി വേതനം കിട്ടിയോ എന്നറിയാനുള്ള സൂക്ഷ്മ പരിശോധന എല്ലാ ഫയലുകളിലും നടത്താൻ കഴിഞ്ഞില്ല.

2) തൊഴിലാളികളുടെ ബാങ്ക് പാസ് ബുക്കുകൾ കൃത്യമായി വരവ് വക്കാത്തതിനാല് ഇവരുടെ കൂലി ബാങ്ക് അക്കൗണ്ടിൽ വന്നുവെന്നുറപ്പാക്കാനായില്ല.

15. മെറ്റീരിയൽ വൗച്ചറുകളും ബില്ലുകളും

ഈ ഓഡിറ്റ് കാലയളവില് വാർഡില് മെറ്റീരിയൽ പ്രവർത്തികള് നടന്നിട്ടില്ല.

16. റോയൽറ്റി

പരിശോധന വിധേയമാക്കിയ ഒരു വർക്ക് ഫയലിലും റോയൽറ്റി ബാധകമല്ല.

17.ഫോട്ടോഗ്രാഫ്

തൊഴിലുറപ്പ് പദ്ധതിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ, പ്രവൃത്തികൾ സംബന്ധിച്ച തെളിവുകള് ശേഖരിക്കാൻ അതിൻറെ ഫോട്ടോകള് സഹയകമാകും. പ്രവർത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവർത്തി നടന്നു

കൊണ്ടിരിക്കുമ്പോള്, പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോള് എന്നിങ്ങനെ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

പരിശോധിച്ച 8 ഫയലുകളില് 7 പ്രവർത്തികളില് ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നു.

18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച 8 ഫയലില് 4 ഫയലുകളിൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം കാണുവാൻ സാധിച്ചില്ല.

19. മസ്റ്റർ റോള് മൂവ്മെൻറ് സ്ലിപ്പ് /ഫയൽ ട്രാക്കിങ് ഫോറം

. തൊഴിലുറപ്പ് പദ്ധതിയിലെ ഏറ്റവും സുപ്രധാനരേഖയായ മസ്റ്റർറോള് ജനറേറ്റ് ചെയ്യുന്നതു മുതല് തൊഴിലാളികളുടെ വേതനം ബാങ്കിലേക്ക് അനുവദിച്ചുകൊണ്ടുള്ള FTO ബാങ്കിലേക്ക് അയക്കുന്ന തീയതി ക്രമത്തിൽ മസ്റ്റര് റോള് മൂവ്മെൻറ് സ്ലിപ്പില് രേഖപ്പെടുത്തേണ്ടതാണ്.

പരിശോധിച്ച 8 ഫയലിലും AMC പ്രകാരമുള്ള ഫയൽ ട്രാക്കിംഗ് ഫോം അഥവാ മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് സൂക്ഷിച്ചിരുന്നില്ല. പ്രാദേശിക ഫയല് ട്രാക്കിംഗ് ഫോം ആണ് സൂക്ഷിച്ചിരിക്കുന്നത്.

പ്രവൃത്തി പൂർത്തിയായ മസ്റ്റർറോളുകള് പഞ്ചായത്തിലെ എംജിഎൻആർഇജിഎസ് സെല്ലില് ലഭിക്കുന്ന മുറയ്ക്ക് കാലതാമസമില്ലാതെ തുടർനടപടികള് സ്വീകരിച്ചതായി 4 പ്രവൃത്തി ഫയലുകളിലും കാണുന്നു. ഇക്കാര്യത്തിൽ തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്..

20. ജിയോ ടാഗ്ഡ് ഫോട്ടോഗ്രാഫ്

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഡ് ഫോട്ടോസ്. മൂന്ന് ഘട്ടത്തിലുള്ള ഫോട്ടോകൾക്കു പുറമെ ജിയോടാഗ്ഡ് ഫോട്ടോയുടെ പ്രിൻറും ഫയലില് സൂക്ഷിക്കേണ്ടതാണ്. ഇതുറപ്പാക്കേണ്ടത് മേറ്റിൻറെയും തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. എന്നാൽ പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിൽ ഇവ കാണാൻ സാധിച്ചില്ല. തെളിവ് ശേഖരണം തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ ഒഴിച്ചു കൂടാനാവാത്ത ഘടകമായതിനാല് ഈ കാര്യത്തില് ബന്ധപ്പെട്ട ഉദ്യോഗസ്ഥര് കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

21. സോഷ്യല് ഓഡിറ്റ് റിപ്പോർട്ടിൻറെ കോപ്പി

ഇപ്പോൾ സോഷ്യൽ ഓഡിറ്റ് നടക്കുന്നതുകൊണ്ട് ഈ പ്രവൃത്തി ഫയലുകളിൽ സോഷ്യല് ഓഡിറ്റ് റിപ്പോർട്ടിൻറെ കോപ്പി സൂക്ഷിക്കേണ്ടതില്ല.

22. സൈറ്റ് ഡയറി

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം വർക്ക് ഫയലിൽ സൂക്ഷിക്കേണ്ട 22 മത്തെ രേഖയാണ് സൈറ്റ് ഡയറി. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ പറഞ്ഞിരിക്കുന്ന അളവിലും കൃത്യതയിലും നിർവഹിക്കുന്നതിലുള്ള ഉപാധികളടങ്ങുന്ന പ്രധാനപ്പെട്ട രേഖയാണ് സൈറ്റ് ഡയറി.പദ്ധതി ആരംഭയോഗത്തിൻറെ വിവരങ്ങള് മുതല് ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും നിർദേശങ്ങളും സന്ദർശക ഡയറിയിൽ അടങ്ങിയിട്ടുണ്ട്.

നെല്ലിക്കാട്ടിരി വാർഡിലെ 8 ഫയലുകൾ പരിശോധിച്ചപ്പോള് 5 ഫയലുകളില് സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല. സൈറ്ഡയറി യുടെ കവർപേജിൽ പ്രവർത്തിയെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ ഏതൊരു വ്യക്തിക്കും മനസ്സിലാക്കാൻ പറ്റുന്ന രീതിയിൽ ഉണ്ടാകേണ്ടതാണ്.

•

പദ്ധതി ആരംഭ മീറ്റിങ്ങ്

സൈറ്റ് ഡയറിയിൽ പ്രോജക്ട് ഇനീഷ്യൽ മീറ്റിങ്ങ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ട്.

ഒരു പ്രവൃത്തി തുടങ്ങുന്നതിനു മുമ്പ് പ്രവർത്തിയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവയ്ക്കുന്നതും അതുപോലെ ഒരു പ്രവർത്തി എങ്ങനെ ചെയ്യണമെന്ന് തൊഴിലാളികള്ക്ക് കൃത്യമായ അവബോധം ഉണ്ടാക്കി എടുക്കുന്നതിനും വാർഡ് മെമ്പർ, സ്റ്റാഫ് എന്നിവരുടെ അധ്യക്ഷതയിൽ കൂടുന്ന യോഗമാണ് പദ്ധതി ആരംഭ മീറ്റിങ്ങ്. തൊഴിലാളികളുമായി സംസാരിച്ചപ്പോൾ മനസ്സിലാക്കാന് കഴിഞ്ഞത് ചിലപ്പോഴോക്കയെ മാത്രമാണ് പ്രോജക്ട് ഇനീഷ്യൽ മീറ്റിങ്ങ് നടക്കുന്നത്.

- 3 പ്രവർത്തി ഫയലുകളില് മാത്രമാണ് സൈറ്റ് ഡയറി കണ്ടത്.
- പത്തിലപ്പാലം തോട് പുനരുദ്ധാരണപ്രവർത്തിയില് പദ്ധതി ആരംഭ മീറ്റിംഗില് 6 തൊഴിലാളികളുടെ പേരും തൊഴിൽകാർഡ് നമ്പറും എഴുതിയിട്ടുണ്ട് ഒപ്പ് ഇല്ല എന്നാല് ആദ്യത്തെ മസ്റ്റര് റോളില് 26 തൊഴിലാളികള് പണിയെടുത്തിട്ടുണ്ട്.മസ്റ്റർ രോള്ളില് ഒപ്പ് വെച്ച മേറ്റ് അല്ല സൈറ്റ് ഡയറിയില് ഒപ്പ് ഇട്ടിട്ടുള്ളത്.
- SC/BPL ഭൂമിയില് ഭൂവികസന പ്രവർത്തികള് മഴക്കുഴി, മണ്ണ്/കല്ല് കയ്യാല കാർത്ത്യാനി - പണി ആരംഭിച്ചത് 22/10/2018 ആണ് എന്നാൽ പദ്ധതി ആരംഭ മീറ്റിംഗ് 23/10/2019 ആണ്. മസ്റ്റര് റോളില് 10 തൊഴിലാളികൾ പണിയെടുത്തിട്ടുണ്ട്.സൈറ്റ് ഡയറിയിൽ 9 തൊഴിലാളികളുടെ പേരും തൊഴിൽകാർഡ് നമ്പറും ആണ് ഉള്ളത്. 3 തൊഴിലാളികളുടെ ഒപ്പ് മാത്രമാണ് ഉള്ളത്.
- SC/BPL ഭൂമിയിൽ ഭൂവികസന പ്രവർത്തികള് മഴക്കുഴി, മണ്ണ്/കല്ല് കയ്യാല ലത - പണി ആരംഭിച്ചത് 22/10/2018 ആണ് എന്നാല് പദ്ധതി ആരംഭ മീറ്റിംഗ് 23/10/2018 ആണ്. സൈറ്റ് ഡയറിയിൽ 6 തൊഴിലാളികളുടെ പേരുണ്ട് അതിൽ 3 തൊഴിലാളികളുടെ മാത്രമേ കാർഡ് നമ്പറും ഒപ്പും ഉള്ളൂ.
- അഞ്ച് ഫയലുകളിൽ സൈറ്റ് ഡയറി ഇല്ല.

ഓരോ പ്രവർത്തി ആരംഭിക്കുന്നതിന് മുൻപും വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി അംഗമായ വാർഡ് മെമ്പര്, സ്റ്റാഫ് എന്നിവരുടെ സാന്നിധ്യത്തിൽ പദ്ധതി ആരംഭ മീറ്റിംഗ് വല്ലപ്പോഴും ആണ് നടക്കുന്നതെന്ൻ തൊഴിലാളികളുമായി സംസാരിച്ചപ്പോൾ മനസ്സിലാക്കുവാന് കഴിഞ്ഞു.

വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി.

ഓരോ വാർഡിലെ തൊഴിലുറപ്പ് പ്രവർത്തികളെ നിരീക്ഷിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി കാര്യക്ഷമമായ പ്രവർത്തിക്കേണ്ട സമിതിയാണ് വി. എം.സി.
ഇവിടെ 3 VMC അംഗങ്ങളാണ് ഉള്ളത്. അവരുടെ പേര് വിവരങ്ങൾ താഴെ പറയുന്നു.

1. കെ.പി സുബ്രഹ്മണ്യന്- കൺവീനര്
2. പി പി .അയ്യപ്പൻ - ചെയർമാന്
3. ഗോപകുമാർ

- ഈ വാർഡില് വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റിയിലുള്ള മൂന്ന് അംഗങ്ങളില് ഒന്ന് മെമ്പറും മറ്റു രണ്ടു പേർ പൊതു പ്രവർത്തകരും ആണ്.
- പദ്ധതിയുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗത്ത് വിഎംസി അംഗങ്ങള് പദ്ധതിയുടെ ഗുണനിലവാരത്തെ കുറിച്ച് ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല .
- വി എം സി അംഗങ്ങളിലെ മെമ്പര് മാത്രമാണ് വല്ലപ്പോഴും തൊഴിലിടങ്ങള് സന്ദർശനം നടത്തുന്നതെന്നും മറ്റ് അംഗങ്ങളിൽ നിന്ന് വീട്ടില് പോയി ഒപ്പ് ശേഖരിക്കുകയാണെന്നും തൊഴിലാളികളിൽ നിന്ന് മനസിലാക്കുന്നു.
- വിഎംസി അംഗങ്ങള് ചുമതലയേറ്റിട്ട് രണ്ടു വർഷമായി.

തൊഴിലിടത്തെ സൗകര്യങ്ങൾ

തൊഴിൽ സ്ഥലത്ത് തൊഴിലാളികൾക്ക് ആവശ്യമായ കുടിവെള്ളം, തണൽ, പ്രാഥമിക വൈദ്യസഹായം, 5 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ക്രഷെ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങള് ഒരുക്കണമെന്ന് നിയമത്തിലെ ഷെഡ്യൂൾ 2ൽ 23 മുതൽ 28 വരെയുള്ള ഭാഗത്ത് നിർദേശിച്ചിട്ടുണ്ട്. ഈ അവകാശത്തെക്കുറിച്ച് തൊഴിലാളികളോട് സംസാരിച്ചപ്പോൾ അറിയാന് കഴിഞ്ഞത്.

- ക്രഷെര് സൗകര്യത്തെക്കുറിച്ച് തൊഴിലാളികൾക്ക് അറിവില്ല.
- അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളുള്ള അമ്മമാർ തൊഴിലിന് ഇല്ലാത്തതിനാല് ഈ സൗകര്യം ലഭ്യമായിട്ടില്ലെന്ന് തൊഴിലാളികൾ പറഞ്ഞു.
- തണൽ സൌകര്യത്തെ കുറിച് തൊഴിലാളികൾക്ക് അറിവില്ല ഇതുവരെയും ലഭ്യമായിട്ടില്ല.
- കയ്യുറയും കാലുറകളും തൊഴിലിടങ്ങളില് 2013 സാമ്പത്തിക വർഷത്തില് 5 തൊഴിലാളികൾക്ക് ലഭ്യമായതാണ് പിന്നീട് ഇതുവരെ ലഭ്യാമായിട്ടില്ല നിലവില് ഇപ്പോള് 28 സജീവ തൊഴിലാളികള് ഉണ്ട്

- കുടിവെള്ളം കൊണ്ടുവരുകയാണ് ചെയ്യുന്നത് എന്നാണ് തൊഴിലാളികള് പറഞ്ഞത്.
- പ്രഥമ ശുശ്രൂഷ കിറ്റ് ഇതുവരെ ലഭിച്ചിട്ടില്ല എന്നാല് പ്രഥമ സുശ്രൂഷകളെ കുറിച്ചുള്ള അറിവ് ബ്ലോക്കിലെ ഉദ്യോഗസ്ഥരിൽ നിന്ന് ലഭ്യമായിട്ടുണ്ട് എന്നു തൊഴിലാളികളില് നിന്ന് അറിഞ്ഞു.
- അപകടം സംഭവിച്ചാലുള്ള നഷ്ട്ടപരിഹാര സംവിധാനത്തെ കുറിച്ചൊന്നും തൊഴിലാളികൾക്ക് വ്യക്തമായ അറിവില്ല. തൊഴിലിടത്ത് വെച്ച് 4 തൊഴിലാളികൾക്ക് അപകടം സംഭവിച്ചിട്ടുണ്ട് അപകടവിവരം എന് ആര് ഇ ജി എസ് ഉദ്യോഗസ്ഥരെ ഫോണിൽ അറിയിച്ചിട്ടുണ്ട്.എന്നാൽ ആശുപത്രി ചെലവ് രേഖകള് പഞ്ചായത്തില് നൽകിയിട്ടും ചികിത്സാ ചെലവ് കിട്ടിയിട്ടില്ല .വിവരങ്ങൾ;

  1.കുഞ്ഞിപെണ്ൺ KL06013006001/29 - തലയടിച്ചു വീണു നെറ്റിക്ക് പരിക്ക്
  2.ലക്ഷ്മി KL06013006001/1 - ആയുധം കാലിൽ വീണു പരിക്ക്
  3.ശാന്ത KL06013006001/28 - തലയിൽ തേങ്ങ വീണു പരിക്ക്
  4.കോമളം KL06013006001/15 - കാന കീറുമ്പോള് വീണു പരിക്ക്

- <u>CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്</u>

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് .Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക, സാധന വേതന ഘടകങ്ങൾ, യഥാർത്ഥ ചെലവ് ,തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാ.ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിലാണ്.

- ➢ പരിശോധനക്ക് വിധേയമായ തൊഴില് ഇടങ്ങളില് ഒന്നിൽ CIB സ്ഥാപിച്ചിട്ടുണ്ട് സ്ഥാപിതമായ CIB അനുവദനീയമല്ല. തൊഴിലുറപ്പ് നിയമപ്രകാരം . ഇവിടെ മെറ്റീരിയൽ പ്രവർത്തികൾക്ക്മാത്രമാണ് CIB സ്ഥാപിക്കുന്നതെന്ന് തൊഴിലുറപ്പ് ഉദ്യോഗസ്ഥർ വെളിപെടുത്തി. കുടുംബശ്രീ യൂണിറ്റുകളിൽനിന്ന് വെണ്ടറെ കണ്ടെത്തണമെന്ന സർക്കാർ നിർദേശം നടപ്പാക്കാനായിട്ടില്ലകുടുംബശ്രീ യൂണിറ്റുകൾ ഇതിനു തയ്യാറാകുന്നില്ലെന്നാണ് ഉദ്യോഗസ്ഥർ . .നൽകുന്ന വിശദീകരണം.

<u>നിരീക്ഷണ സംവിധാനത്തിലെ വീഴ്ച്ചകൾ</u>

സൈറ്റ് ഡയറിയും തൊഴിലുറപ്പ് പദ്ധതി ഓഫീസിലെ ഉദ്യോഗസ്ഥ സന്ദർശക പുസ്തകവും പരിശോധിച്ചപ്പോൾ മനസിലായ വിവരങ്ങൾ.

- ജില്ലാ, ബ്ലോക്ക് തല ഉദ്യോഗസ്ഥർ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസും പ്രവൃത്തി സ്ഥലങ്ങളും കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് വേണ്ട നിർദേശങ്ങള് നൽകിയിട്ടില്ല.
- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലയിലെ ഏറ്റവും വലിയ ഉദ്യോഗസ്ഥൻ ജില്ലാ പ്രോഗ്രാം കോർഡിനേറ്ററായ കളക്ടറാണ് .അദ്ദേഹത്തിനു വേണ്ടി തൊഴിലുറപ്പ് പദ്ധതി ഏകോപിപ്പിക്കുന്ന ചുമതല ജോയിന്റ് പ്രോഗ്രാം കോർഡിനെറ്റർക്കാണ്.

- സന്ദർശക ബുക്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ ഈ രണ്ട് ഉദ്യോഗസ്ഥരും ഒരിക്കൽപോലും ഈ പഞ്ചായത്തിൽ സന്ദർശനം നടത്തിയതായി കണ്ടില്ല.
- 2018 മുതലാണ് സന്ദർശന പുസ്തകം സൂക്ഷിക്കാന് തുടങ്ങിയത് എന്ന് മനസ്സിലാക്കുന്നു. പരാതി എഴുതുന്ന പുസ്തകത്തിൽ തന്നെയാണ് സന്ദർശക വിവരങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത്.ബ്ലോക്ക് തല ഉദ്യോഗസ്ഥർ പഞ്ചായത്ത് സന്ദർശിക്കുകയും നിർദേശങ്ങള് നൽകുകയും ചെയ്തിട്ടുണ്ട്.
- സന്ദർശക കുറിപ്പില് 19/04/2018 ബി ഡി ഓ, ജോയിന്റ് ബി ഡി ഓ എന്നിവർ സന്ദർശനം നടത്തിയിരിക്കുന്നു. സൂക്ഷിക്കപ്പെടത്ത 7 രജിസ്റ്ററുകളും 24/04/2018 നകം ശരിയാക്കി വെക്കുവാൻ നിർദേശം കൊടുത്തിരിക്കുന്നു .എന്നാൽ 12/10/2018 ജോയിന്റ് ബി ഡി ഒ തുടർ സന്ദർശനത്തില് രജിസ്റ്ററുകളെ കുറിച്ച വീണ്ടും പരാമർശം നടത്തിയിരിക്കുന്നു.13/11/19 നാളിതുവരെ ആയിട്ടും 7 രജിസ്റ്ററുകളും സൂക്ഷിക്കാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല ഇതൊരു ആശ്വസനീയമായ പ്രവർത്തിയല്ല .

കഴിഞ്ഞ ഒരു വർഷത്തിനിടെ വിവിധ ഉദ്യോഗസ്ഥര് നടത്തിയ സന്ദർശന വിവരങ്ങള്:				
ക്രമ നമ്പർ	ഉദ്യോഗസ്ഥൻറെപേര്	ഓഫീസ് സന്ദർശന ദിവസങ്ങൾ	തൊഴിലിട സന്ദർശന തിയതികൾ	ആകെ ദിവസങ്ങൾ
1.	നാഷണൽ ഓഫീസ് നിരീക്ഷകർ/	സന്ദർശിച്ചതായി കാണാൻ കഴിഞ്ഞില്ല		
2.	സ്റ്റേറ്റ് ഓഫീസ്	സന്ദര്ശിച്ചതായി കാണാൻ കഴിഞ്ഞില്ല		
3.	ഡി പി സി	സന്ദർശിച്ചതായി കാണാൻ കഴിഞ്ഞില്ല.		
4.	ജെ പി സി	സന്ദർശിച്ചതായി കാണാൻ കഴിഞ്ഞില്ല.		
5.	ബി ഡി ഓ	16/02/2018 പഞ്ചായത്ത് സന്ദർശിച്ചു.	16/02/2018 രണ്ട് തൊഴിലിടങ്ങൾ സന്ദർശിച്ചു. 1.കനാൽ പണി - കരിത്തറക്കോട് 2.കിണർ പണി - കാക്കത്തോട് വാർഡ് 7	ഒന്ന്
6.	ജോ ബി ഡി ഒ.	19/04/2018 12/10/2018 ഓഫീസ് സന്ദർശിച്ചു.	സന്ദർശിച്ചിട്ടില്ല	രണ്ട്
7.	ബി പി ഓ	15/02/2018 19/04/2018 ഓഫീസ് സന്ദർശിച്ചു.	സന്ദർശിചിട്ടില്ല	രണ്ട്
8.	ഇ ഒ	സന്ദർശിച്ചതായി		

		കാണാൻ കഴിഞ്ഞില്ല		
9.	ബ്ലോക്ക് ഡി ഇ ഒ	സന്ദർശിച്ചതായി കാണാൻ കഴിഞ്ഞില്ല.		

അവകാശലംഘനങ്ങൾ

സോഷ്യൽ ഓഡിറ്റ് ടീം ഈ വാർഡിലെ കുടുംബങ്ങളുമായി സംസാരിച്ചപ്പോള് അവകാശലംഘനങ്ങളുമായി ബന്ധപ്പെട്ട് ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.അക്കാര്യങ്ങളാണ് ഇവിടെ പരാമർശിക്കുന്നത്.

തൊഴിൽ കാർഡ്

തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളിയുടെ അടിസ്ഥാനപരമായ അവകാശമാണ് തൊഴിൽകാർഡ്.അപേക്ഷിച്ചാൽ 15 ദിവസത്തിനകം കാർഡ് നൽകണമെന്നാണ് വ്യവസ്ഥ.ഈ വാർഡിലെ തൊഴിൽ കാർഡിന് അപേക്ഷിച്ചവര് ക്കെല്ലാം കാർഡ് ലഭിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ പഞ്ചായത്തിൻറെ സമീപനം മാതൃകാപരമാണ്.

എന്നാൽ മറ്റ് ചില പ്രശ്നങ്ങള് ഓഡിറ്റ് ടീമിൻറെ ശ്രദ്ധയില് പെട്ടു.

- തൊഴിൽ കാർഡില് ഒട്ടിക്കുവനുള്ള ഫോട്ടോക്കുള്ള ചെലവ് സ്വന്തമായി എടുത്തതാണ് .
- തൊഴിൽ കാർഡില് തൊഴിലിനുള്ള അപേക്ഷ എത്ര ദിവസത്തേക്ക് ആവശ്യപ്പെട്ടു,കൊടുത്ത വേതനം, വേതനം ലഭിച്ച തീയതി , എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.
- വേതനം എത്ര ലഭിക്കുവാനുണ്ടെന്നു ഒരു തൊഴിലാളിക്ക് പോലും വ്യക്തമായ ധാരണയില്ല.

വേതനം വൈകൽ

മസ്റ്റര് റോള് പൂർത്തിയായി പരമാവധി 14 ദിവസത്തിനകം കൂലി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കണമെന്ന് തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 3(2),6 എന്നിവിടങ്ങളില് വ്യക്തമാക്കിയിട്ടുണ്ട്.വൈകിയാൽ ആദ്യത്തെ 30 ദിവസം വേതനത്തിൻറെ 0.05 ശതമാനം തുക പിഴ നൽകണമെന്ന് നിയമത്തിലെ സെക്ഷന് 3(3)ലും വാർഷിക മാസ്റ്റര് സർക്കുലര് അധ്യായം 9ലും പറയുന്നു.

- ഈ വാർഡില് ഓഡിറ്റ് സംഘം തൊഴിലാളികളോട് സംസാരിച്ചപ്പോള് അവസാനത്തെ പണിയുടെ കൂലി ലഭിക്കാനുണ്ടെന്നു. മനസ്സിലാക്കി ഓഗസ്റ്റ് മാസം വരെ കൂലി ലഭിച്ചിട്ടുണ്ട്.നൂറു പണി ചെയ്ത തൊഴിലാളികൾക്കുള്ള 1000 രൂപയും കിട്ടിയിട്ടുണ്ട്.
- പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസില് നിന്ന് നിശ്ചിത ദിവസം തന്നെ എഫ് ടി ഒ അയച്ചിട്ടുണ്ടെങ്കിലും കേന്ദ്ര ഗവൺമെൻറില് നിന്ന് പണം ലഭിക്കാത്തതുകൊണ്ട് വേതനം ലഭിക്കുന്നില്ലെന്നാണ് പരാതി വന്നത് .
- ആരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചാലും കൃത്യസമയത്ത് വേതനവും അത് ലഭിച്ചില്ലെങ്കില് നഷ്ടപരിഹാരവും ലഭിക്കേണ്ടതാണ്നിന്ന് രേഖാമൂലം പരാതി തൊഴിലാളികളിൽ ഇക്കാര്യത്തിൽ. സ്വീകരിച്ച് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കാൻ മേറ്റിനും ഭരണസമിതിക്കും ഉത്തരവാദിത്വമുണ്ട്.

ബാങ്ക് ജീവനക്കാരുടെ സമീപനം

തൊഴിലാളികളോട് സംസാരിച്ചപ്പോള് മനസിലാക്കാന് കഴിഞ്ഞത്:

- തൊഴിലുറപ്പ് കൂലി എടുക്കാൻ തൊഴിലാളികൾക്ക് യാതൊരു ബുദ്ധിമുട്ടും നേരിടുന്നില്ല. തിരക്കുള്ള സമയങ്ങളിൽ മാത്രം നിൽക്കേണ്ടി വരുന്നു.പലരുടെയും പാസ്സ്ബുക് പുതുക്കിയിട്ടില്ല.

- പഞ്ചാബ് നാഷണല് ബാങ്ക്, എസ് ബി ഐ , വിജയ ബാങ്ക് എന്നി ബാങ്കുകളിൽ ആണ് തൊഴിലാളികൾക്ക് അക്കൗണ്ട്. തൊഴിലാളികളുമായി സംസാരിച്ചപ്പോള് എസ് ബി ഐ അക്കൗണ്ട് എ ടി എം ആക്കണമെന്ന് ബാങ്കില് നിന്ന് പറയുന്നുണ്ട് എന്നാല് എ ടി എം കാർഡ് തൊഴിലാളികൾക്ക് പ്രയസമാണെന്നാന്നാണ് പറയുന്നത്.

പ്രവൃത്തി സ്ഥലം സന്ദർശനം

പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനും സാമൂഹ്യ ആസ്തി സൃഷ്ടിക്കുന്നതിനും സഹായിക്കുന്ന നിരവധി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതയുള്ള പഞ്ചായത്താണ് തിരുമിറ്റക്കോട് .
ഫയലിൽ കണ്ട വിവരങ്ങളുടെ നിജസ്ഥിതി നേരിൽകണ്ട് മനസ്സിലാക്കുന്നതിനായി സോഷ്യല് ഓഡിറ്റ് ടീം അംഗങ്ങൾ പണി പൂർത്തിയാക്കിയ 8 പ്രവൃത്തി സ്ഥലങ്ങള് സന്ദർശിക്കുകയുണ്ടായി. പ്രവൃത്തികൾ പരിശോധിച്ചും തൊഴിലാളികളോടും മേറ്റുമാരോടും സംസാരിച്ചും ഓഡിറ്റ് ടീം കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തികളുടെ പ്രവൃത്തിസ്ഥല സന്ദർശനത്തിലൂടെ കണ്ടെത്തിയ കാര്യങ്ങള്:-

ക്രമ നമ്പർ	വർക്ക് കോഡ്	പ്രവൃത്തി	കണ്ടെത്തലുകൾ
1	1606013006 /WH/319132	നെല്ലിക്കാട്ടിരി മഴക്കെടുതി മൂലം തകർന്ന പത്തിലപ്പാലം തോട് പുനരുദ്ധാരണം	• ആകെ മൊത്തം 18 മസ്റ്റർ റോള്കളിലായി 731 തൊഴിൽ ദിനങ്ങൾ. • എം ബുക്ക് പ്രകാരം തോടിൻറെ അളവ് രേഖപെടുതിയിരിക്കുന്നത് 1653.333333 മീറ്റര് നീളത്തിലും 3 മീറ്റര് വീതിയിലുമാണ് അതായത് • കാടു വെട്ടുന്നതിന് 4960m^2 • ഏരത്ത് വർക്ക് 4692m^3

			• ഡീടെയിൽഡ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, അബ്സ്ട്രക്ട് എസ്റ്റിമേറ്റ്, ജനറല് അബ്സ്ട്രക്ട് എസ്റ്റിമേറ്റ്, അക്ടിവിറ്റി ഡീടെയിൽസ് എന്നിവ ഫയലില് ഉണ്ട്. • എസ്റ്റിമേറ്റ് തുക: 200,000 രൂപ • എം. ഐ. എസ് പ്രകാരം 18 മസ്റ്റര് റോളുകളിലായി 700 തൊഴില് ദിനങ്ങൾ ആണ്ഉള്ളത്. എം ഐ എസിൽ ചിലവായതുക :192,820 രൂപ. ഈ തുക കാണിക്കുന്നത് എം ഐ എസ് പ്രകാരം മസ്റ്റർ റോള് നമ്പര് 13775, 13773 എന്നതിലായി നടന്ന 40 തൊഴില് ദിനങ്ങൾക്ക് ഇസ്ലിമെന്റ്/ഷാര്പനിംഗ് ചാർജ് ആയി വേതനതോടൊപ്പം നൽക്കുന്ന 5 രൂപ നല്കുതെയാണ്. • മസ്റ്റർ റോള് പ്രകാരം 731 തൊഴില് ദിനത്തിന് തൊഴിലാളിയുടെ വേതനവും ആയുധങ്ങളുടെ വാടകയും സഹിതം ഒരു തൊഴിലാളിക്ക് 276 രൂപപ്രകാരം ചിലവായിരിക്കുന്നത് 201,756 രൂപയാണ്ഈ തുക എസ്റ്റിമേറ്റിനേക്കാള് 1,756 രൂപ അധികമായി ക്കാണിക്കുന്നു. • മസ്റ്റർ റോള് നമ്പര് 13775, ഇതിൽ 7 പ്രവർത്തികള് നടന്നത് തൊഴിലാളികള് ഒപ്പ് രേഖപെടുത്തിയിരിക്കുന്ന വേതനവും രേഖപെടുത്തിയിരിക്കുന്ന എന്നാൽ വെട്ടിത്തിരുത്തി 4 പ്രവർത്തിദിനങ്ങള് ആക്കിയിരിക്കുന്നു. • മസ്റ്റർ റോള് നമ്പര് 13773 ഇതില് 48 പ്രവർത്തി ദിനങ്ങള് തൊഴിലാളികള് ഒപ്പ് രേഖപെടുത്തി വേതനവും രേഖപെടുത്തിയിരിക്കുന്ന എന്നാൽ വെട്ടിത്തിരുത്തലുകൾ നടത്തി 37 ആക്കിയിരിക്കുന്നു. • എം ബുക്കിൽ ചിലവായ തുക 193,150 ഈ തുക എം ഐ എസ് തുകയുമായി 330 രൂപ അധികം കാണിക്കുന്നു. • എം ബുക്ക് പ്രകാരം 1564 മീറ്റര് ആണ് തോടിന്റെ നീളം 3 മീറ്റര് വീതിയും പ്രവർത്തി സന്ദർശനത്തില് 347 മീറ്റര് അളക്കുവാന്

			സാധിച്ചു ബാക്കിവരുന്ന ഭാഗം എത്തിപെടാൻ സാധിക്കാത്ത രീതിയിൽ ആണ് നിലനിൽക്കുന്നത്. • എസ്റ്റിമേറ്റ് പ്രകാരം 15 ബണ്ടുകള് രേഖപെടുത്തിയിരിക്കുന്നു. തൊഴിലാളികൾ 30 ബണ്ടോളം നിർമിച്ചതായി അവകാശപെടുന്നു.ഭാഗികമായി തകർന്ന നിലയിൽ ഒരു ബണ്ട് കാണുകയുണ്ടായി. എന്നാൽ ബണ്ടിനെ കുറിച്ച് യാതൊരു രേഖപ്പെടുത്തലും എം ബുക്കിലും ഇല്ല. • നിലവിൽ ഒരു ബണ്ടും ഇപ്പോള് നിലനിക്കുന്നില്ല പ്രളയത്തിൽ നശിച്ചു പോയിരിക്കുന്നു.
2	1606013006 /305958	നെല്ലിക്കാട്ടിരി വട്ടോള്ളി പെട്ടിക്കട റോഡ് വെള്ളക്കെട്ട് ഒഴിവാക്കുക കാന നിർമാണം	• ആകെ മൊത്തം ഫയലിൽ 16 മസ്റ്റര് റോളുകൾ അതില് 7 പ്രവർത്തി ദിനങ്ങള് അടങ്ങുന്ന മസ്റ്റർ റോള് നമ്പര് 17196 കാൻസല് ആയിരിക്കുന്നു. അങ്ങനെ 15 മസ്റ്റര് റോള്കളിലായി 355 തൊഴിൽ ദിനങ്ങള് ആണ് നടന്നിരിക്കുന്നു. • മസ്റ്റർ റോള് പ്രകാരം 97980 രൂപ ചെലവ് • എസ്റ്റിമാറ്റ് തുക : 150,000 രൂപ ഈ പ്രവർത്തികള് പ്രകാരം ചിലവായ തുക എം ബുക്കിൽ രേഖ പെടുത്തിയിരിക്കുന്നത് 100,188 രൂപ. ഈ തുകയും മസ്റ്റര് റോള് തുകയും തമ്മിൽ 2208 രൂപയുടെ വെത്യാസം കാണിക്കുന്നു. • എം ബുക്ക് പ്രകാരം 1012 മീറ്റര് നീളമാണ് കാനയുടേത്. 0.70 മീറ്റര് വീതിയും 0.60 മീറ്റര് ആഴവും മാണ്. • എം .ബുക്ക് പ്രകാരം കാടു വെട്ടുന്നതിന് • പ്രവർത്തി സ്ഥല സന്ദർശനത്തില് കാന 870 മീറ്റർ നീളം ജിഒടാകര് ഉപയോഗിച്ച് അളക്കുവാൻ സാധിച്ചു. • കാന പൂർണമായും നിലനിൽക്കുന്നില്ല കാടുകയറിയും ജനങ്ങൾ അവരുടെ വീടിൻറെ മുന്നിലുള്ള ഭാഗങ്ങള് പൂർണമായി മൂടിയും ഭാഗികമായി നിലനിൽക്കുന്നതായാണ് കണ്ടത്.

			• പ്രവർത്തിയുടെ സുതാര്യത കാണിക്കുന്ന CIB പ്രവർത്തി സ്ഥലത്ത് സ്ഥപിതമായിരിക്കുന്നത് 2 അടി വീതിയിലും 3 അടി ഉയരത്തിലുമായി ചതുരാകൃതിയിൽ 4 അര അടി ഉയരത്തിലുള്ള തൂണിലാണ് ഇത് തൊഴിലുറപ്പ് നിയമപ്രകാരം അനുവദനീയമല്ല. തൊഴിലുറപ്പ് നിയമപ്രകാരം 3 അടി വീതിയും 4 അടി ഉയരവും കുറഞ്ഞത് വേണമെന്ന് അനുശാസിക്കുന്നു. ഇതിൻറെ രൂപത്തില് മുകൾഭാഗം 20 ഡിഗ്രി ഉയർന്ന് നിക്കണമെന്നും പറയുന്നു. ,
3	1606013006 /IF/369928	ലൈഫ്ഭവനനിർമ്മാണം ലീല ബൈജു	• ആകെ മൊത്തം 9 മസ്റ്റർ റോളുകളിലായി 90 ദിന പ്രവർത്തികള് നടന്നിരിക്കുന്നു. • ഭരണനുമാതിയുടെയും സാങ്കേതിക അനുമതിയുടെയും സെക്യൂര് പകർപ്പ് ഫയലിൽ ഉൽപ്പെടുതിയിരിക്കുന്നു എന്നാല് ബന്ധപെട്ട ഉദ്യോഗസ്ഥർ സക്ഷ്യപെടുത്തിയിട്ടില്ല. • വില്ലജ് എക്സ്റ്റൻഷന് ഓഫീസറില് നിന്നുമുള്ള പ്രവർത്തിയുടെ മൂന്ന് ഘട്ട സക്ഷ്യപത്രമുണ്ട്. • മൂന്ന് ഘട്ടങ്ങളിലായി എടുത്ത് വെക്കേണ്ട ഫോട്ടോയും ഫയലിൽ ഉൾപ്പെടുത്തിയിരുന്നു. • എസ്റ്റിമേറ്റ് റിപ്പോർട്ടും ഡിറ്റെയില് എസ്റ്റിമേറ്റും ഫയലിൽ ഉണ്ട്.തുക 24390. • മസ്റ്റർ റോളുകളില് ഒന്നിലും തന്നെ മേറ്റ് ഒപ്പ് രേഖപെടുത്തിയിട്ടില്ല എന്നാൽ മേറ്റിൻറെ ഒപ്പ് പരിശോധിച്ച ഉദ്യോഗസ്ഥൻറെ ഒപ്പ് എന്നിവ തൊഴിൽ ചെയ്ത വ്യക്തി തന്നെ രേഖ പെടുത്തിയിരിക്കുന്നു. • സ്ഥല സന്ദർശനത്തില് പ്രവർത്തികള് പൂര്തികരിച്ചതായി കാണാൻ കഴിഞ്ഞു • അനുവദിച്ച തുക മുഴുവൻ ലഭിച്ചിട്ടുണ്ട്. • ബി പി എൽ വിഭാഗത്തില് പെട്ടവരാണ്. • ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞില്ല. .
4	1606013006 /IF/369930	ലൈഫ് ഭവന നിർമ്മാണം സത്യഭാമ മുരളീധരൻ	• അഞ്ച് മാസ്റ്റർ റോളുകളിലായി 90 തൊഴിൽ ദിനങ്ങൾ. • ഡിറ്റെൽഡ് എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവയുണ്ട്,അനുവദിച്ച തുക 24390 രൂപ.

			• ലിന്റെൽ,മേൽക്കൂര ഘട്ടങ്ങളുടെ ഫോടോഗ്രഫ്സ്മാത്രമാണ് ഫയലിൽ വെച്ചിട്ടുള്ളത്. • മൂന്ന് ഘട്ടങ്ങളുടെ വി ഇ ഓ സാക്ഷ്യപത്രം ഉണ്ട്. • സ്ഥലസന്ദർശന വേളയില് ഉപഭോക്താവിനെ നേരിട്ട്കാണാൻ സാധിച്ചില്ല ഫോണിലൂടെ ബന്ധപ്പെട്ടപ്പോൾ അനുവദിച്ച മുഴുവന് തുകയും ലഭിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. • ബി പി എല് വിഭാഗത്തില് പെട്ടവരാണ്. • ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞില്ല.
5	1606013006/IF/369929	ലൈഫ്ഭവന നിർമ്മാണം കദീജ കാടയിൽ	• ആകെ 5 മസ്റ്റർ റോളുകളില് 90 തൊഴിൽ ദിനങ്ങൾ. • എസ്റ്റിമേറ്റ് റിപ്പോർട്ട്,ഡിറ്റെയില്ഡഎസ്റ്റിമേറ്റ് എന്നിവ ഉണ്ട്.അനുവദിച്ച തുക 24390 രൂപ. • 3 ഘട്ടങ്ങളുടെ VEO സാക്ഷ്യപത്രം ഉണ്ട്. • പ്രവർത്തിയുടെ 5 ഫോട്ടോഗ്രാഫ് ഉണ്ട്. • തൊഴിൽ ചെയ്ത തീയതികള് മസ്റ്റര് റോളില് രേഖപ്പെടുത്തിയിട്ടില്ല. • മസ്റ്റർ റോളുകളിലോന്നിലും പരിശോധിച്ച ഉദ്യോഗസ്ഥൻറെ ഒപ്പ് ഇല്ല ഇതില് നിന്നും മസ്റ്റർ റോളുകള് ഉദ്യോഗസ്ഥര് പരിശോധിച്ചിട്ടില്ല എന്ൻ മനസിലാക്കുന്നു. • എസ്റ്റിമേറ്റ്റിപ്പോർട്ട്,ഡിറ്റെയില്ഡഎസ്റ്റിമേറ്റ് എന്നിവ ഉണ്ട്.അനുവദിച്ച തുക: 24390 രൂപ. • പ്രവർത്തി സ്ഥല സന്ദർശന വേളയില് വീട്ടിൽ താമസം തുടങ്ങത്താതിനാല് ഉപഭോക്താക്കളെ കാണാൻ കഴിഞ്ഞില്ല .ഫിനിഷിങ് സ്റ്റേജിലുള്ള വീട് കണ്ടു. • ഉപഭോക്താവ് BPL വിഭാഗത്തിൽ ഉൾപെടുന്നു. . • ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞില്ല.
6	1606013006/IF/374919	ലൈഫ്ഭവന നിർമ്മാണം നബീസ മൊയ്തീൻ ഏർക്കര	• ആകെ 9 മാസ്റ്റർ റോളുകളിലായി 90 തൊഴിൽ ദിനങ്ങൾ.

			• എസ്റ്റിമേറ്റ്റിപ്പോർട്ട്,ഡിറ്റെയില്ഡ എസ്റ്റിമേറ്റ്,ഡിറ്റെയിൽഡ അബ്സ്ട്രക്ട്എസ്റ്റിമേറ്റ് എന്നിവ ഫയലിൽ ഉണ്ട്.അനുവദിച്ച തുക: 24390 രൂപ. • സാങ്കേതിക കമ്മിറ്റി അംഗീകരിച്ച സാങ്കേതിക അനുമതി രേഖയുംപഞ്ചായത്ത്നൽകിയ സാങ്കേതിക അനുമതി രേഖയും ഉണ്ട്. • വി ഇ ഓ സാക്ഷ്യപത്രം മൂന്ന് ഘട്ടങ്ങളിലേതുണ്ട്. • ലിന്റെൽ,മേൽക്കൂര എന്നീ രണ്ട് ഘട്ട ഫോട്ടോഗ്രാഫ് മാത്രമാണ് ഫയലിൽ വെച്ചിട്ടുള്ളത്. • പ്രവർത്തി സ്ഥല സന്ദര്സനത്തില് വീട് സന്ദർശിക്കാന് സാധിച്ചിട്ടില്ല .
7	1606013006 /IF/313514	SC/BPL ഭൂമിയില് ഭൂവികസന പ്രവർത്തികള് മഴക്കുഴി മണ്ണ് /കല്ല് കയ്യാല കാർത്ത്യായനി	• ആകെ 2 മസ്റ്റര് റോളുകളിലായി 60 തൊഴില് ദിനങ്ങൾ നടന്നിരിക്കുന്നു. • പരിശോധിച്ച 2 മസ്റ്റർ റോളുകളിലായി ബി. ഡി. ഒ സെക്രട്ടറി എന്നിവരുടെ ഒപ്പും സീലും രേഖപെടുത്തിയിരിക്കുന്നു എന്നാല് തിയ്യതി രേഖപെടുത്തിയിട്ടില്ല. • 2 മസ്റ്റര് റോളുകളിലും മേറ്റ് ഒപ്പ് രേഖപെടുത്തിയിരിക്കുന്നു എന്നാൽ പരിശോധന ഉദ്യോഗസ്ഥൻറെ ഒപ്പ് രേഖ പെടുത്തിയിട്ടില്ല. • ഡീറ്റെയിൽഡ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, അബ്സ്ട്രാക്ട് എസ്റ്റിമറ്റ് എന്നിവ ഫയലിൽ ഉണ്ട്. അനുവദിച്ചു നൽക്കിയ തുക : 21500 രൂപ ചെലവായ തുക : 16560 • <u>എം ബുക്ക് പ്രകാരം</u> ➢ ജൈവ വേലി -110 മീറ്റർ ➢ കല്ല് കയ്യാല - 51 മീറ്റർ • <u>സന്ദർശന വേളയില്</u> 1.മഴക്കുഴി - 24 2.വേസ്റ്റ്ക്കുഴി - 1 3.മണ്ണുകയ്യാല - 100 മീറ്റര്

			• ഉപഭോക്താവ് SC വിഭാഗത്തിൽ ഉൾപെടുന്നു. • പ്രവർത്തിയുടെ സുതാര്യത കാണിക്കുന്ന ഡിസ്പ്ലേ ബോർഡ് പ്രവർത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല .
8	1606013006 /IF/313513	SC/BPL ഭൂമിയിൽ ഭൂവികസന പ്രവർത്തികള് മഴക്കുഴി മണ്ണ് /കല്ല് കയ്യാല ലത	• ആകെ 2 മസ്റ്റർ റോലുകളിലായി 60 തൊഴിൽദിനങ്ങള് നടന്നിരിക്കുന്നു. • പരിശോധിച്ച 2 മസ്റ്റര് റോള്കളില് ബി. ഡി. ഒ സെക്രെട്ടറി എന്നിവരുടെ ഒപ്പും സീലും ഉണ്ട് എന്നാൽ തിയ്യതി രേഖ പെടുത്തിയിട്ടില്ല. • 2 മസ്റ്റര് റോളിലും മേറ്റ് ഒപ്പ് രേഖ പെടുത്തിയിട്ടുണ്ട് എന്നാല് പരിശോധന ഉദ്യോഗസ്ഥൻറെ ഒപ്പ് രേഖപെടുതിയിട്ടില്ല. • ഡീറ്റെയിലെഡ എസ്റ്റിമാറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് എന്നിവ ഫയലിൽ ഉണ്ട്.അനുവദിച്ചു നൽക്കിയ തുക: 21500 രൂപ. ചെലവായ തുക: 16560 രൂപ. • പ്രവർത്തിയുടെ ആരംഭ ഘട്ടത്തിലെടുത്ത ഫോട്ടോ പ്രിൻറ് ചെയ്ത് ഫയലില് ഉള്പെടുത്തിയ്ട്ടുണ്ട്. • <u>എം പ്രകാരം ബുക്ക്.</u> ➢ പിറ്റ് -5 എണ്ണം ➢ കല്ല് കയ്യാല -61 മീറ്റര് ➢ ജൈവ വേലി - 275 മീറ്റര് • <u>സ്ഥല സന്ദർശന വേളയില്</u> : 1. മഴക്കുഴി -24 എണ്ണം 2. മണ്ണ്കയ്യാല -21 മീറ്റര് 3. ജൈവവേലി - 42 മീറ്റര് 4. കമ്പോസ്റ്റ്ക്കുഴി - 2 എണ്ണം • ഉപഭോക്താവ് SC വിഭാഗത്തിൽ ഉൾപെടുന്നു. • പ്രവർത്തിയുടെ സുതാര്യത കാണിക്കുന്ന ഡിസ്പ്ലേ ബോർഡ് പ്രവർത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല.

ചില വീഴ്ച്ചകൾ

- ഫയലുകൾ ക്രമീകരിക്കുന്ന കാര്യത്തില് ഇനിയും ശ്രദ്ധ പുലർത്തേണ്ടതുണ്ട് .
- പരിശോധനക്ക് വാർഡിലെ ഫയലുകള് കൃത്യമായ രീതിയില് സമയ ബന്ധിതമായി ലഭ്യമാക്കിയില്ല.
- എം .ബുക്ക് രേഖപ്പെടുത്തുന്നതില് കൂടുതല് കൃത്യത കാണിക്കേണ്ടതുണ്ട്.
- 8 ഫയലുകളിൽ 7 തൊഴിലിടങ്ങളിലും CIB വെച്ചിട്ടില്ലായിരുന്നു.
- ഫയലിൽ ഉള്പെടുതിയിട്ടുള്ള മിക്കരേഖകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സീലും ഒപ്പും ഉണ്ടായിരുന്നില്ല .
- ഡിമാൻഡ് ഫ്രന്റ് ഓഫീസില് അല്ല സ്വീകരിക്കുന്നത് .
- ഈ ഓഡിറ്റ് കാലയളവിൽ ഈ വാർഡില് 9 പ്രവർത്തികളാണ് നടന്നത് മണ്ണില് പള്ളിയാലിൽറോഡ് കോണ്ക്രീട്ടിംഗ് വർക്ക് കോഡ് 1606013006/RC/ 46340 എന്ന പ്രവർത്തി ഓഡിറ്റ് ന് വിധേയമാക്കാന് എന് ആര് ഇ ജി എസ് ഓഫീസില് നിന്ന് പ്രവർത്തിയുടെ ഫയല് ലഭ്യമായിട്ടില്ല.

പൊതുനിർദേശങ്ങൾ

1.തൊഴിലാളികളെക്കൊണ്ട് വർഷത്തില് 100 പണിക്കുള്ള അപേക്ഷ ഒരുമിച്ച് നൽകാന് പ്രേരിപ്പിക്കണം. ഇത് ഫ്രണ്ട് ഓഫീസിൽ തന്നെ നൽകണം.

2.തൊഴിലാളികളുടെ എണ്ണം പരമാവധി വർധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.ആവശിയപ്പെട്ടവർക്കെല്ലാം 100 പണി കൊടുക്കാൻ കഴിയുന്നുണ്ടെന്ന വസ്തുത ജനങ്ങൾക്കിടയിൽ ബോധ്യപ്പെടുത്തണം.

3. തൊഴിലാളികളിൽനിന്നുള്ള അപേക്ഷ വാങ്ങുന്ന രീതിയില് സമഗ്രമായ മാറ്റം വേണം. അവർക്ക് ആവശ്യമുണ്ടാകുമ്പോൾ തൊഴില് നൽകാന് വ്യവസ്ഥയുണ്ടാകണം.

4. ദേശീയ നിരീക്ഷണ ഏജൻസിമുതല് പദ്ധതി നടത്തിപ്പിലെ ഉന്നതതല ഉദ്യോഗസ്ഥര് വരെയുള്ളവര് അവരെ ഏൽപ്പിച്ച ചുമതലകള് കൃത്യമായി നിർവഹിക്കുന്നുണ്ടെന്നുറപ്പാക്കണം.

5. ഡി.പി.സി, ജെ.പി.സി,ബി.പി.ഒ എന്നീ ഉദ്യോഗസ്ഥർ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസും കഴിയാവുന്നത്ര പ്രവൃത്തി സ്ഥലങ്ങളും സന്ദർശിക്കുന്നുവെന്നുറപ്പാക്കാന് സംസ്ഥാനതലത്തില് സംവിധാനമുണ്ടാകണം.

6. വിജിലൻസ് ആൻറ് മോണിറ്ററിങ് സംവിധാനം സമഗ്രമായി അഴിച്ചുപണിയണം.ഇവയെ സ്വതന്ത്രമാക്കി നിലനിർത്തി തത്സമയ ഓഡിറ്റിങ് സമിതികളായി മാറ്റിയെടുക്കണം.

7. വിഎംസിയുടെ പ്രവർത്തനങ്ങള് ബ്ലോക്ക് തലത്തില് നിരീക്ഷിക്കപ്പെടണം.

8. സുതാര്യത ഉറപ്പാക്കാന് തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന തരത്തില് സിറ്റിസണ് ഇൻഫർമേഷന് ബോർഡ് അടിയന്തിരമായി എല്ലാ തൊഴിലിടത്തിലും സ്ഥാപിക്കണം.

9. പദ്ധതി ആസൂത്രണത്തില് കർഷകരെയും തൊഴിലാളികളെയും പൊതുസമൂഹത്തെയും ഉൾപ്പെടുത്താന് കഴിയണം.

10. ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായി തയ്യാറാക്കുകയും അത് തൊഴിലാളികൾക്ക് ലഭ്യമാക്കുകയും അവരെ പറഞ്ഞുമനസിലാക്കുകയും വേണം.

11. തൊഴിലാളികൾക്കുള്ള സുരക്ഷാ ഉപകരണങ്ങള് പഞ്ചായത്ത് തലത്തില് വാങ്ങി സൂക്ഷിക്കണം.ഇത് തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

12. വാർഡിലെ തൊഴില് കാർഡിൻറെ എണ്ണത്തിന് അനുസൃതമായി മേറ്റുമാരെ തെരഞ്ഞെടുക്കണം.

13. മേറ്റുമാരെ തെരഞ്ഞെടുക്കുമ്പോള് ജാതി-പ്രദേശിക വിവേചനം പാടില്ല.

14. മസ്റ്റര് റോള്,സൈറ്റ് ഡയറി തുടങ്ങിയ ആധികാരിക രേഖകൾ കൈകാര്യം ചെയ്യുന്നതില് ജാഗ്രതവേണം.

15. ഭൂവികസന പ്രവൃത്തികള് ഏറ്റെടുക്കുന്നത് ഭൂവുടമയുടെ ആവശ്യപ്രകാരമായിരിക്കണം.ഇതിനായി പഞ്ചായത്ത് തലത്തിൽ വ്യാപക പ്രചരണം നൽകി അപേക്ഷ ക്ഷണിക്കണം.

16. ഇത്തരം പ്രവൃത്തികള് ഏറ്റെടുക്കുമ്പോള് അവ മണ്ണ്-ജല സംരക്ഷണത്തിന് ഉതകുന്നതാണന്ന് ഉറപ്പുവരുത്തണം.

17. മേറ്റുമാർക്കും വിജിലൻസ് ആൻറ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾക്കും സമയബന്ധിതമായി പരിശീലനം നൽകണം

18. ജൈവ സമ്പത്ത് വർധിപ്പിക്കുന്നതിനുള്ള പവൃത്തികള് ഏറ്റെടുക്കാന് കഴിയണം.

19. സ്ത്രീ സൗഹൃദ തൊഴിലുപകരണങ്ങള് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കണം.

<u>തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥരെ ക്കുറിച്ച്</u>

പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ:

1. അഞ്ജലി - അക്രഡിറ്റഡ് എൻജിനീയര്
2. മണികണ്ടൻ - ഓവർസീയര്
3. ജാഫർ പി പി - ഡിഇഒ/ അക്കൗണ്ടൻറ്
4 സ്മിത - ഡിഇഒ/ അക്കൗണ്ടൻറ്

.

<u>ഗ്രാമസഭാ നിർദേശങ്ങളും തീരുമാനങ്ങളും</u>

25/11/2019 പത്തു മണിക്ക് ആരംഭിക്കേണ്ട ഗ്രാമസഭ, ജനങ്ങൾ എത്തിച്ചേരാതത്തിനാല് 10:40 ന ആണ് ആരംഭിച്ചത്. നെല്ലിക്കാട്ടിരി ജി.എൽ.പി സ്കൂൾ ആണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2018-2019 സാമ്പത്തിക വർഷത്തിലെ സോഷ്യല് ഓഡിറ്റ് ഗ്രാമസഭയ്ക്ക് വേദിയായത്. കഴിഞ്ഞ വര്ഷം നൂറു പണി തികഞ്ഞ ശ്രീമതി പാറു അമ്മ അദ്ധ്യക്ഷയായി.

മേറ്റ് ശ്രീമതി വസന്തയുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.വാർഡ് മെമ്പര് ശ്രീ ഗോപകുമാര് സ്വാഗതം പറഞ്ഞു.വി ആർ പി അമൽകൃഷ്ണന് ഭരണഘടനാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു എല്ലാവരും ഏറ്റുചൊല്ലി.വി ആർ പി സുമ സോഷ്യല് ഓഡിറ്റ് പ്രാധാന്യം,ആവശ്യകത എന്നിവ ആമുഖമായി അവതരിപ്പിച്ചു. ബി ആർ പി സുദർശന ചില കാര്യങ്ങള് കൂടി കൂട്ടിച്ചേർത്തു. വി ആർ പി മാരായ ജിഷ, സുജിത എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു, തുടർന്ന് വിശദമായ ചർച്ച നടന്നു.26 പേരാണ് ഗ്രാമസഭയില് പങ്കാളികളായത്. ബ്ലോക്ക് മെമ്പർ,വാർഡ് മെമ്പർ, വിഎംസി അംഗം,പൊതുപ്രവർത്തകൻ, തൊഴിലാളികൾ, എൻആർഇജിഎസ് എഇ , ഓവർസീയര് , ഡിഇഒ , ബി ആർ പി, വി ആർ പി എന്നിവരാണ് പങ്കെടുത്തത്.

ചർച്ചകള് :

1) തൊഴിൽ കാർഡ് സൗജന്യമായി ലഭ്യമാക്കുന്നതിനെ കുറിച്ചുള്ള ചർച്ച

- ജാഫർ)ഡിഇഒ /അക്കൗണ്ടൻറ് (- ഇക്കാര്യം പഞ്ചായത്ത് ഭരണ സമിതി അംഗീകാരിക്കണമെങ്കില് ഓർഡര് വേണം ഈ നീയമത്തിന്റെ വിശദീകരണം നൽകണം.
- ജനാർദ്ദനന് (ബ്ലോക്ക് മെമ്പര്) - പ്രൊജക്റ്റ് തയാറാക്കി ബജറ്റ് വെക്കണം, ഫണ്ട് ലഭ്യതക്കനുസരിച്ചേ ചെയ്യാൻ കഴിയൂ എന്ന് പറഞ്ഞു.
- സുദരശന (ബിആർപി) - തൊഴില് കാർഡ് പരിപൂർണ സൗജന്യമായി ലഭ്യമാക്കണം എന്നത് തൊഴിലാളികളുടെ അവകാശമാണ് അത് അങ്ങനെ തന്നെ ലഭ്യമാകണം.
- ചർച്ചക്കിടെ വാർഡ് മെമ്പര് ഗോപകുമാർ വ്യക്തി പരമായ ആവശ്യമുള്ളതിനാല് പോകുകയാണെന്ന് ഗ്രാമസഭയെ അറിയിച്ച് പോയി.

2) ഭൂവികസന പ്രവർത്തിയില് അളവുകള് വ്യത്യാസം വരുന്നതിനെപ്പറ്റി ചർച്ച ചെയ്തപ്പോള് മണ്ണിന്റെ സ്വഭാവത്തിനനുസരിച് വ്യത്യാസം വരുന്നതാണ് എന്ന് എൻആർജിഇഎസ് ഉദ്യോഗസ്ഥര് പറഞ്ഞു.

3) മസ്റ്റർ റോളുകളെ കുറിച്ചുള്ള ചർച്ച

- കാർഡ് ഉടമയുടെ ഒപ്പ് രേഖപ്പെടുതേണ്ടത് പ്രവർത്തി ആരംഭിക്കുന്ന ദിവസമാണോ അവസാനിക്കുന്ന ദിവസമാണോ എന്ന് മേറ്റ് സംശയം പ്രകടിപിച്ചു തൊഴിലാളി എന്നാണോ ആ മാസ്റ്റര് റോളില് ആദ്യമായി തൊഴിൽ ചെയ്യുന്നത് അന്നുതന്നെ തൊഴില് കാർഡ് ഉടമയുടെ കോളത്തില് ഒപ്പ് വെക്കേണ്ടതാണ് എന്ന് എൻആർജിഇഎസ് ഉദ്യോഗസ്ഥര് പറഞ്ഞു .
- തൊഴിലാളികളുടെ ഒപ്പ് രേഖപ്പെടുന്ന കോളം വലുതാക്കണമെന്നു തൊഴിലാളികൾ ആവശ്യപ്പെട്ടു.

4) തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനെ സംബന്ധിച്ച്

- ആസ്തി വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളില് സ്ത്രീ തൊഴിലാളികളെ കൂടി ഉൾപ്പെടുത്തുന്നതിനായി പഞ്ചായത്ത് പരിശീലനം നൽകിയാല് അതൊരു മികച്ച കാര്യമായിരിക്കും എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

5) അപകടം സംഭവിച്ചാലുള്ള നഷ്ടപരിഹാരം സംബന്ധിച്ച്

- എൻആർജിഎസ് ഉദ്യോഗസ്ഥര് - ഇതുവരെയും അപകടം സംഭവിച്ചതിനെ കുറിച്ചൊന്നും വാർഡില് നിന്നും അറിയിപ്പ് ലഭിച്ചിട്ടില്ല.ഇനി തൊഴിലിടങ്ങളിൽ വെച്ച് അപകടങ്ങള് സംഭവിക്കുകയാണെങ്കില്

മേറ്റ് അത് സൈറ്റ് ഡയറിയില് രേഖപ്പെടുത്തുകയും 4 തൊഴിലാളികളുടെ സാക്ഷ്യപത്രവും ആശുപത്രി രേഖകളുമായി ചികിത്സാ ചെലവിനു പഞ്ചായത്തുമായി ബന്ധപ്പെടണം.രേഖകൾ ഇല്ലാത്ത പക്ഷം ചികിത്സാ ചെലവ് അനുവദിക്കുക സാധ്യമല്ല.

6) വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മിറ്റി സംബന്ധിച്ച്

- വി എം സി അംഗം അയ്യപ്പൻ - തന്റെ അറിവോടു കൂടിയല്ല കമ്മിറ്റിയില് അംഗമായത്, മെമ്പർ തീരുമാനിച്ചതാണ് എന്ന് അഭിപ്രായപ്പെട്ടു. വിശദീകരണം മെമ്പറുടെ അസാന്നിധ്യത്തിൽ ലഭിച്ചില്ല.

7) വേതനം വൈകിയാൽ നഷ്ടപരിഹാരം നൽകേണ്ടത് കേന്ദ്രസർക്കാരാണോ സംസ്ഥാനസർക്കാരാണോ ? എന്ന് കുഞ്ഞുട്ടൻ എന്ന വ്യക്തി ചോദിച്ചു.

ബിആർപി നൽകിയ മറുപടി - ആരാണോ വൈകിപ്പിക്കുന്നത് അവരാണ് നഷ്ടപരിഹാരം നൽകേണ്ടത്.

ഉദ്യോഗസ്ഥരുടെ വിശദീകരണം

- പത്തിലപ്പാലം തോട് പ്രവർത്തിയില് എസ്റ്റിമേടിനെക്കാള് അധികമായി പ്രവർത്തി നടന്നതില് വേജ് ലിസ്റ്റ് ശരിയാക്കി എന്ന് മാത്രമുള്ള വിശദീകരണമാണ് ഉദ്യോഗതരില് നിന്ന് ലഭിച്ചത്.തൊഴിൽ ചെയ്ത വേതനത്തെ പറ്റി മറുപടി നൽകിയില്ല.
- വട്ടോളി പെട്ടികട കാന നിർമ്മാണ പ്രവർത്തിയില് മാസ്റ്റര് റോള് 14480 ല് ദേവകി എന്ന തൊഴിലാളി തൊഴിൽ ചെയ്തിട്ടും മസ്റ്റര് റോള് ക്യാൻസല് ചെയ്തിരിക്കുന്നു.ഈ നമ്പറിലുള്ള മാസ്റ്റര് റോള് ഇല്ലെന്നാണ് ഉദ്യോഗസ്ഥർ ആദ്യം പറഞ്ഞത്, തെളിവായി മസ്റ്റര് റോളിന്റെ ഫോട്ടോ കാണിച്ചുകൊടുത്തിട്ടും ഇതിനെ കുറിച്ചുള്ള വിശദീകരണം ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ചില്ല.
- എം.ബുക്ക് രേഖപ്പെടുതലിനെ സംബന്ധിച്ച് പറഞ്ഞപ്പോള് പ്രവർത്തി സ്ഥല സന്ദർശനം നടത്തി അളവുകൾ രേഖപ്പെടുത്തുകയാണെങ്കില് മറ്റുള്ള പ്രവർത്തികള് ചെയ്യാനുള്ള സമയം ഉദ്യോഗസ്ഥർക്ക് ഉണ്ടാവില്ല എന്ന് എൻആർഈജിഎസ്/എ.ഇ പറഞ്ഞു.
- ആസ്തി വികസനം നടപ്പാക്കാൻ വ്യക്തിഗത പ്രവർത്തികള് കണ്ടെത്തുന്നതിനുള്ള സർവേ ഫോം പദ്ധതി വാർഡില് തുടങ്ങിയിരിക്കുന്നുവെന്നും എ.ഇ പറഞ്ഞു, അതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കുകയും ചെയ്തു.

നിർദ്ദേശങ്ങളും തീരുമാനങ്ങളും

1) തൊഴിൽ കാർഡ് ഫോട്ടോ സഹിതം പരിപൂർണ്ണ സൗജന്യമായി ലഭ്യമാക്കാന് ഗ്രാമസഭ പഞ്ചായത്ത് ഭരണ സമിതിയോടെ നിർദേശിച്ചു.

2) തൊഴിലിനുള്ള ഡിമാൻഡ്, വേതനം സംബന്ധിച്ച പരാതികൾ തുടങ്ങിയവ തൊഴിലാളികളുടെ പേർ, തൊഴിൽ കാർഡ് നമ്പർ, ഒപ്പ് എന്നിവ സഹിതം മേറ്റ് മുഖേന ഫ്രന്റ് ഓഫീസ് വഴി നൽകാനും രസീത് കൈപ്പറ്റാനും തീരുമാനമായി.

3) നീർത്തട അടിസ്ഥാനത്തില് പ്രവർത്തികള് കണ്ടെത്തി നടപ്പിലാക്കാന് ഗ്രാമസഭ നിർദേശിച്ചു.

4) 7 രെജിസ്റ്ററുകളും എഎംസി പ്രകാരം സൂക്ഷിക്കണമെന്ന് ഗ്രാമസഭ നിർദേശിച്ചു.

5) ഫയലിൽ 22 രേഖകളും ഉൾപ്പെടുത്തണമെന്ന് ഗ്രാമസഭ നിർദേശിച്ചു.

6) ഉദ്യോഗസ്ഥർ ഒപ്പിനോപ്പം സീൽ,തീയതി എന്നിവ കൂടി രേഖപ്പെടുത്തണം എന്ന് ഗ്രാമസഭ നിർദേശിച്ചു.

7) എം.ബുക്കിൽ അളവുകളും പ്രവർത്തികളും രേഖപ്പെടുത്തുന്നത് കൃത്യതയോടെ ആകണമെന്ന് ഗ്രാമസഭ നിർദേശിച്ചു.

8) തൊഴിലിട സൌകര്യങ്ങളായ കയ്യുറകൾ ,കാലുറകൾ, തണൽ, പ്രഥമ ശുശ്രൂഷ കിറ്റ് എന്നിവ ലഭ്യമാക്കാൻ പഞ്ചായത്ത് ഭരണസമിതിയോട് ഗ്രാമസഭ നിർദേശിച്ചു.

9) സജീവമായി പ്രവർത്തിക്കുന്ന വി എം സി അംഗങ്ങളെ നിലനിർത്തി പുനസംഘടിപ്പിക്കാന് ഗ്രാമസഭ തീരുമാനിച്ചു.

10) തൊഴിലിടങ്ങളിൽ നിയമപ്രകാരമുള്ള സി ഐ ബി സ്ഥാപിക്കണമെന്നും അതിന്റെ മുഴുവന് ചെലവും പഞ്ചായത്ത് വഹിക്കണമെന്നും ഗ്രാമസഭ നിർദേശിച്ചു.

12) മാസ്റ്റർ റോൾ കൈകാര്യം ചെയ്യുന്നതില് മേറ്റ്, തൊഴിലാളികൾ എന്നിവര് കൂടുതല് ശ്രദ്ധ പുലർത്തണമെന്നും ഉദ്യോഗസ്ഥർ നിർബന്ധമായി പരിശോധിക്കണമെന്നും ഗ്രാമസഭ നിർദേശിച്ചു.

13) സോഷ്യൽ ഓഡിറ്റ് സപ്പോർട്ടിംഗ് കമ്മിറ്റി രൂപികരിക്കാന് 8 അംഗങ്ങളെ ഗ്രാമസഭ നിര്ദേശിച്ചു.

1. ശാന്തകുമാരി -
2. വസന്ത - 8086554250
3. ലത - 9846231439
4. വള്ളിക്കുട്ടി - 9846629592
5. ലക്ഷ്മി -
6. അമ്മാളു - 7034684322
7. രാധ - 7034684264
8. കോമളം - 9847770266

ഓവർസീയര് ശ്രീ മണികണ്ടന് നന്ദിരേഖപ്പെടുത്തി. അധ്യക്ഷ ഗ്രാമസഭ പിരിച്ചു വിട്ടതായി പ്രഖ്യാപിച്ചു.

(അവസാനിച്ചു)

1. ശ്രീമതി പാറു അദ്ധ്യക്ഷ , ഗ്രാമസഭ

2. സുദർശന.കെ.എസ്. ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തൃത്താല

3. ഗിരീഷ്.കെ ജില്ലാ റിസോഴ്സ് പേഴ്സൺ ,സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പാലക്കാട്

അനുബന്ധം - 1

അളവുകളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കുള്ള അഭിപ്രായങ്ങൾ :

തൃത്താല ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ ഗ്രാമസഭകളിൽ കരട് റിപ്പോർട്ട് അവതരിപ്പിച്ചപ്പോൾ എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുള്ള സമാനമായ അഭിപ്രായങ്ങള് ക്രോഡീകരിച്ച് ഇതോടൊപ്പം ചേർക്കുന്നു :

1.അളവുകൾ കൃത്യമായി പരിശോധിച്ചാൽ തൊഴിലാളികൾക്ക് 271 രൂപ കൂലി കൊടുക്കുവാൻ കഴിയില്ല.

2.ഭൂരിപക്ഷം തൊഴിലാളികളും പ്രായമുള്ളവരാണ് .ഇവർ ഒരു ദിവസം മണ്ണെടുത്തു മാറ്റുന്ന തരത്തിൽ ഉള്ള ജോലികൾക്ക് വലിയ കഷ്ടം അനുഭവിച്ചു വരുന്നുണ്ട് .

3.ഒരു ദിവസം മൂന്ന് എം ക്യൂബ് മണ്ണെടുത്ത് മാറ്റിയാൽ മാത്രമാണ് 271 രൂപ കൊടുക്കാൻ സാധിക്കുക. ഈ കണക്ക് വച്ച് നോക്കിയാൽ ഒരു തൊഴിലാളിക്ക് ഒരു ദിവസം ഒരു എം ക്യൂബ് മണ്ണ് പോലും എടുത്തു മാറ്റുന്നതിന് സാധിക്കുന്നില്ല .അങ്ങനെയാവുമ്പോൾ തൊഴിലാളികളുടെ കൂലി കുറയുവാൻ സാധ്യതയുണ്ട് .ഈ രീതി വെച്ചുകൊണ്ട് ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുന്നത് ശരിയല്ല .

4. 271 രൂപ തൊഴിലാളികൾക്ക് കൊടുക്കുന്നതിനു വേണ്ടി എം ബുക്കില് അളവുകള് അതിനനുസരിച്ച് രേഖപ്പെടുത്തുവാൻ ഉദ്യോഗസ്ഥര് നിർബന്ധിതരാകുന്ന അവസ്ഥയാണ് ഉള്ളത് .

5.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ഉദ്യോഗസ്ഥരെ ആക്ഷേപിക്കുന്നത് ശരിയല്ല .

6.സംസ്ഥാന സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള റേറ്റ് പ്രകാരം തൊഴിലാളികൾക്ക് കൂലി തികച്ചു കൊടുക്കാൻ പറ്റാത്ത അവസ്ഥയുണ്ട് .

7.സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂലി നിരക്ക് അടിയന്തരമായി ഭേദഗതി ചെയ്യണമെന്ന് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു.